# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ഉളിക്കൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കണ്ണൂർ**
**670001**

**ഇ-മെയിൽ: doknr.ksad@kerala.gov.in**
**ഫോൺ : 0497-2707698**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ /സി.6/1760/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 10/12/2024
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉളിക്കൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ /സി.6/1760/2024 തീയ്യതി: 10/12/2024

## കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-12-2023 മുതൽ 14-11-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സി.വി. ജ്യോതിഷ് കുമാർ | ഡെപ്യൂട്ടി ഡയറക്ടർ | 15-11-2024 | 22-11-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-11-2024 | 22-11-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേശൻ.പി.വി,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.ഷിജില.വി.ഡി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ(18.11.24മുതൽ)
ശ്രീമതി.വനജ മാടത്താൻകണ്ടി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ശാലിനി,പി.എം,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ജിജില.ടി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി.സി.ഷാജി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. ഉണ്ണികൃഷ്ണൻ.ടി.എം | സെക്രട്ടറി | 01-04-2023 | 31-05-2023 |
| ശ്രീമതി.മാലതി .പി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2023 | 18-08-2023 |
| ശ്രീമതി.ശ്രീജ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-08-2023 | 19-09-2023 |
| ശ്രീ.അനിൽ രാമകൃഷ്ണൻ | സെക്രട്ടറി | 20-09-2023 | 16-03-2024 |
| ശ്രീ.സുഭാഷ് എം.ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-03-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജ്യോതിഷ്ബാബു. കെ.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 21-07-2023 |
| ശ്രീ.കിഷോർ എം. | അസിസ്റ്റന്റ് എഞ്ചിനീയർ | 27-07-2023 | 03-10-2023 |
| ശ്രീ.പുഷ്പജൻ.കെ.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 04-10-2023 | 31-03-2024 |
| ശ്രീമതി. അശ്വതി. പി | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ. രഞ്ജിത് മാത്യു | മെഡിക്കൽ ഓഫീസർ (FHC) | 01-04-2023 | 31-03-2024 |
| ഡോ. സുക്ഫാന ഷെമീറ | മെഡിക്കൽ ഓഫീസർ,ജി.എ.ഡി | 01-04-2023 | 13-08-2024 |
| ഡോ.വീണ അഗസ്റ്റിൻ (അഡീ.ചാർജ്) | മെഡിക്കൽ ഓഫീസർ,ജി.എ.ഡി | 14-08-2023 | 31-03-2024 |
| ഡോ. അനില. പി | മെഡിക്കൽ ഓഫീസർ,ജി.എച്ച്.ഡി | 01-04-2023 | 31-03-2024 |
| ഡോ. ജോൺസൺ | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| പുതിയപറമ്പിൽ | | | |
| ശ്രീമതി .സ്മിത മാരാർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ. വിഷ്ണുരാജ്. പി | വി.ഇ.ഒ, നുച്യാട് സർക്കിൾ | 01-04-2023 | 31-03-2024 |
| ശ്രീ. വിനീത്. കെ | വി.ഇ.ഒ, വയത്തൂർ സർക്കിൾ | 01-04-2023 | 31-03-2024 |
| ശ്രീമതി. പ്രഭാവതി. പി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 02-10-2023 |
| ശ്രീമതി.അനുശ്രീ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 03-10-2023 | 31-03-2024 |
| ശ്രീ. പ്രഭാകരൻ. പി | ഹെഡ് മാസ്റ്റർ | 01-04-2023 | 05-06-2023 |
| ശ്രീ. സണ്ണി.ടി.ജെ | ഹെഡ് മാസ്റ്റർ | 06-06-2023 | 31-03-2024 |
| ശ്രീമതി. മാലതി. പി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 18-08-2023 |
| ശ്രീമതി.ശ്രീജ.പി | അസിസ്റ്റന്റ് സെക്രട്ടറി | 19-08-2023 | 23-09-2023 |
| ശ്രീ. ജെയിസ് ടി തോമസ് | അസിസ്റ്റന്റ് സെക്രട്ടറി | 24-09-2023 | 20-12-2023 |
| ശ്രീ.സുഭാഷ് എം.ജി | അസിസ്റ്റന്റ് സെക്രട്ടറി | 21-12-2023 | 31-03-2024 |

22-07-2023 മുതൽ 26-07-2023 വരെ അസിസ്റ്റന്റ് എഞ്ചിനീയറുടെ ചുമതല ആർക്കും നൽകിയിട്ടില്ല.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | 2023-24 വർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷീറ്റ് ബി 11 (ബി) ഷെഡ്യൂളിൽ ഉൾപ്പെടുത്താതെ കഴിഞ്ഞ വർഷത്തെ അതേ തുക ഉൾപ്പെടുത്തി | 1-1-3 |
| 5 | ഇൻകം ആന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ മിച്ചതുക യഥാർത്ഥ മിച്ചതുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ബാലൻസ്ഷീറ്റ് ഷെഡ്യുൾ ബി-14 ൽ ക്ലോസിങ് സ്റ്റോക്ക് വിശദാശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. | 1-1-5 |
| 7 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-6 |
| 8 | വസ്തു നികുതി- വാർഷിക ധനകാര്യ പത്രികയിലെ തുകയും സഞ്ചയയിൽ നിന്നുള്ള റിപ്പോർട്ടും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ചെലവ് ചെയ്യാത്ത തുക സുലേഖ ചെലവു പത്രികയിലും എ.സി.ആറിലും ചെലവായി രേഖപ്പെടുത്തി | 1-1-8 |
| 10 | രജിസ്റ്ററുകൾ കൃത്യമായ രീതിയിൽ പരിപാലിച്ചിട്ടില്ല | 1-1-9 |
| 11 | ബി 4 ഷെഡ്യൂളിൽ ബാധ്യതകളായി രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമല്ല. | 1-1-10 |
| 12 | ഐ.സി.ഡി.എസ് കേന്ദ്രവിഹിതം ചെലവ് തുക എ.സി.ആർ-മായി പൊരുത്തപ്പെടുന്നില്ല. | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 15 | ഫണ്ട് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് പരിശോധന | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 21 | ഗ്രാമ സഭ /വർക്കിംഗ് ഗ്രൂപ്പ് | 1-10 |
| 22 | തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിലും ഈടാക്കിയതിലും അപാകങ്ങൾ - വരവിനത്തിൽ ₹1020 യുടെ നഷ്ടം | 1-11 |
| 23 | തൊഴിൽനികുതി അടക്കുന്നതിലെ കാലതാമസം - വർദ്ധിപ്പിച്ച നിരക്കിൽ പിഴ ഈടാക്കിയില്ല | 1-12 |
| 24 | എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് ലഭിച്ച സ്ഥാപനങ്ങളിലെ | 1-13 |

| | | |
|---|---|---|
| | ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | |
| 25 | കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ അപാകം | 1-14 |
| 26 | വസ്തു നികുതി പൂർണ്ണമായും പിരിച്ചെടുത്തില്ല. | 1-15 |
| 27 | സർക്കാർ അംഗീകൃതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും (അൺ എയ്ഡഡ്) വസ്തു നികുതി ഈടാക്കേണ്ടതാണ്. | 1-16 |
| 28 | വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചില്ല. | 1-17 |
| 29 | FTE&OS ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ | 1-18 |
| 30 | ഷോപ്പിംഗ് കോംപ്ലക്സ് / മത്സ്യ മാംസ മാർക്കറ്റ് വാടക വരവ് - കുടിശ്ശിക സംബന്ധിച്ച് | 1-19 |
| 31 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ - രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-20 |
| 32 | സ്വകാര്യ ആശുപത്രി/സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ -രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-21 |
| 33 | തനത് ഫണ്ട് പലിശ രഹിത അക്കൗണ്ടിൽ വർഷങ്ങളോളം സൂക്ഷിച്ചു-പഞ്ചായത്തിന് വരുമാന നഷ്ടം | 1-22 |
| 34 | ടെണ്ടർ ഫീസ് അതത് സമയങ്ങളിൽ ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നില്ല. | 1-23 |
| 35 | ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ മുഴുവനായും ലഭ്യമായില്ല.₹1,10,759 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 36 | സർക്കാർ ഉത്തരവിനു വിരുദ്ധമായി നിയമനം നടത്തി - ₹120000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-25 |
| 37 | വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം പദ്ധതിയിലെ അപാകങ്ങൾ- 480000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-26 |
| 38 | പത്താമുദയം സമ്പൂർണ്ണ സെക്കന്ററി വിദ്യാഭ്യാസ പദ്ധതി - രേഖകൾ ലഭ്യമാക്കിയില്ല – ₹79550 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 39 | ഉളിക്കൽ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലും പത്രവിതരണം - രേഖകൾ ലഭ്യമാക്കിയില്ല, ₹24000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-28 |
| 40 | എസ് പി സി പദ്ധതിക്ക് സെറിമോണിയൽ ഡ്രസ്സ് - യഥാർത്ഥ ഗുണഭോക്താവ് തുക കൈപ്പറ്റിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല-₹49500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |
| 41 | ലൈഫ് ഭവന നിർമ്മാണം, ജനറൽ – അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും വീട് പണി തുടങ്ങിയില്ല. | 1-30 |
| 42 | ഭിന്നശേഷിയുള്ളവർക്ക് വീട് റിപ്പയർ - രേഖകൾ ലഭ്യമാക്കിയില്ല, ₹400000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-31 |
| 43 | സർക്കാർ അനുമതിയില്ലാതെ ഹോം ഇൻസിനറേറ്റർ സ്ഥാപിച്ചത്-₹441350 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-32 |
| 44 | ഐ.കെ.എം ന് വിഹിതം നൽകൽ-വിനിയോഗ വിവരം ലഭ്യമായിട്ടില്ല 200000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-33 |
| 45 | വിവരസഞ്ചയിക - പ്രോജക്ട് പൂർത്തീകരിച്ചില്ല-₹630010യുടെ | 1-34 |

| | | |
|---|---|---|
| | ചെലവ് തടസ്സപ്പെടുത്തുന്നു. | |
| 46 | ജലജീവൻമിഷൻ പദ്ധതിക്ക് സ്ഥലം വാങ്ങൽ- തുടർ പ്രവർത്തനങ്ങളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-35 |
| 47 | എ ബി സി പദ്ധതിക്ക് ജില്ലാപഞ്ചായത്തിന് വിഹിതം കൈമാറൽ -വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടില്ല 100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-36 |
| 48 | കുടിവെള്ള ടാപ്പുകളുടെ വാട്ടർചാർജ്ജ് കുടിശ്ശിക - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-37 |
| 49 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-കേരളത്തിലെ മാലിന്യസംസ്കരണം ഹരിതകർമ്മസേനയിലൂടെ-അവലോകനം | 1-38 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ-വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |
| 4 | INCOME & EXPENDITURE STATEMENT | |
| 5 | BALANCE SHEET | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹4086740 യാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-139647860 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളാ പഞ്ചായത്ത്രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത്രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – 2011, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്രഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഉളിക്കൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.06.2024 തീയതിയിലെ 88/2024 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 01-07-2024 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 31.03.2024 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) സി & എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി,

ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെകുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
10.12.2024.

## 1-1-2 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

(1) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല. ചട്ടം 62 (ഇ) പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

(2) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾരേഖപ്പെടുത്തിയിട്ടില്ല.
(3) തൻ വർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന B1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.
(4) നോട്ട് ഓൺ അക്കൗണ്ട് വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-3 2023-24 വർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷീറ്റ് ബി 11 (ബി) ഷെഡ്യൂളിൽ ഉൾപ്പെടുത്താതെ കഴിഞ്ഞ വർഷത്തെ അതേ തുക ഉൾപ്പെടുത്തി

B11(b) Capital Work In Progress എന്ന ശീർഷകത്തിൽ കഴിഞ്ഞ വർഷത്തെ അതേ തുക (₹2841223 ) തന്നെയാണ് ഈ വർഷവും കാണിച്ചിട്ടുള്ളത്. 2023-24 വർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷീറ്റ് ബി 11 (ബി) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-4 ഇൻകം ആന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ മിച്ചതുക യഥാർത്ഥ മിച്ചതുകയുമായി പൊരുത്തപ്പെടുന്നില്ല.

Income Over Expenditure (Net Surplus) – ഇൻകം ആന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ മിച്ച തുക – ₹54972001 യഥാർത്ഥ മിച്ചതുകയുമായി (ബാലൻസ് ഷീറ്റിലേക്ക് കാരി ഓവർചെയ്ത തുക ₹54936099) പൊരുത്തപ്പെടുന്നില്ല.

## 1-1-5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 ൽ ക്ലോസിങ് സ്റ്റോക്ക് വിശദാശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ്ഷീറ്റ് ഷെഡ്യുൾ ബി-14 ൽ ക്ലോസിങ് സ്റ്റോക്ക് വിശദാശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-6 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിൽ കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-1-7 വസ്തു നികുതി- വാർഷിക ധനകാര്യ പത്രികയിലെ തുകയും സഞ്ചയയിൽ നിന്നുള്ള റിപ്പോർട്ടും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതി കണക്കിൽ വാർഷിക ധനകാര്യപത്രികയിൽ കാണിച്ച കണക്കുകളും വസ്തു നികുതി സഞ്ചയ റിപ്പോർട്ടിൽ ചേർത്തിട്ടുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. Write Off, Remission എന്നിവയാണ് വ്യത്യാസത്തിന് കാരണം എന്നറിയിച്ചെങ്കിലും ആയതിന് കൃത്യമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

## 1-1-8 ചെലവ് ചെയ്യാത്ത തുക സുലേഖ ചെലവു പത്രികയിലും എ.സി.ആറിലും ചെലവായി രേഖപ്പെടുത്തി

ബഡ്സ് സ്കൂളിലെ കുട്ടികൾക്ക് ഭക്ഷണം നൽകൽ എന്ന പ്രോജക്ടിൽ (57/24) ചെലവാകാത്ത 10963 രൂപ (ബിൽ നമ്പർ/, തീയതി 574/27.03.2024) സുലേഖ ചെലവു പത്രിക, എ.സി.ആർ എന്നിവയിൽ ചെലവായി രേഖപ്പെടുത്തി.

## 1-1-9 രജിസ്റ്ററുകൾ കൃത്യമായ രീതിയിൽ പരിപാലിച്ചിട്ടില്ല

1. ടെൻഡർ ഫോം സെയിൽസ് രജിസ്റ്റർ, പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
2. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-1-10 ബി 4 ഷെഡ്യൂളിൽ ബാധ്യതകളായി രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമല്ല.

ബാലൻസ് ഷീറ്റിലെ ബി 4 ഷെഡ്യൂളിലെ ബാധ്യതകളായി രേഖപ്പെടുത്തിയിട്ടുള്ള ₹482698, ₹12987092, ₹169349 എന്നീ തുകകൾ ഏത് ഇനങ്ങളിലെ തുകകളാണെന്ന് വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

## 1-1-11 ഐ.സി.ഡി.എസ് കേന്ദ്രവിഹിതം ചെലവ് തുക എ.സി.ആർ-മായി പൊരുത്തപ്പെടുന്നില്ല.

ഐ.സി.ഡി.എസ്. കേന്ദ്ര വിഹിതമായി സുലേഖ പത്രികയിൽ ചേർത്ത തുക എ.സി.ആർ.-ലെ ചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

ഉളിക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് 15.03.2023 തീയതിയിലെ 32/2023 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 08.02.2024 ലെ 20/2024 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം (₹) | പുതുക്കിയ ബജറ്റ് പ്രകാരം (₹) |
|---|---|---|
| മുന്നിരിപ്പ് | 18896460 | 31951430 |
| വരവ് | 549210000 | 558461325 |
| ആകെ | 568106460 | 590412755 |
| ചെലവ് | 551556980 | 566622980 |
| നീക്കിയിരിപ്പ് | 16549480 | 23789775 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് (₹) | 47611433 |
| വരവ് (₹) | 97485860 |
| ആകെ (₹) | 145097303 |
| ചെലവ് (₹) | 93399120 |

| | |
|---|---|
| നീക്കിയിരിപ്പ് (₹) | 51698183 |
| വരവിനങ്ങളിലെ നഷ്ടം (₹) | 1020 |
| ചെലവിനങ്ങളിലെ നഷ്ടം (₹) | ഇല്ല |
| തടസ്സപ്പെടുത്തിയ തുക (₹) | 2635169 |

വികസന ഫണ്ട് ജനറൽ, എസ്.സി.പി,ടി.എസ്.പി, മെയിന്റനൻസ് ഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ് & അൺടൈഡ് (ട്രഷറി വരവുകൾ), സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത്, ജില്ല പഞ്ചായത്ത് വിഹിതം, തൊഴിലുറപ്പ് പദ്ധതി, ക്ഷേമ പെൻഷൻ മുതലായവയുടെ വിവരം റസീറ്റ് & പെയ്മെന്റ് പത്രികയിൽ ഉൾപ്പെടുന്നില്ല. അതുകൊണ്ട് തന്നെ മേൽ വരവും ചെലവും ഭാഗികമാണ്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 32239000 | 32239000 | 30400718 | 1838282 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1450000 | 1450000 | 1041127 | 408873 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 4293000 | 4293000 | 3654934 | 638066 |
| മെയിന്റനൻസ് ഫണ്ട്-റോഡ് | 0 | 18092650 | 18092650 | 17107681 | 984969 |
| മെയിന്റനൻസ് ഫണ്ട്- റോഡിതരം | 0 | 3730600 | 3730600 | 3722239 | 8361 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ബേസിക്ക്(ബാങ്ക്) | 950015 | 5860488 | 6810503 | 4271669 | 2538834 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് (ബാങ്ക്) | 14301317 | 4003500 | 18304817 | 10709908 | 7594909 |
| ടി എസ് സി | 545753 | 0 | 545753 | 0 | 545753 |
| ഐ സി ഡി എസ്-കേന്ദ്രവിഹിതം | 1347201 | 2404337 | 3751538 | 0 | 3751538 |
| ശുചിത്വമിഷൻ | 42878 | 342474 | 385352 | 30000 | 355352 |
| എസ് എസ് എ | 9877 | 0 | 9877 | 0 | 9877 |
| സാക്ഷരത ഗ്രാന്റ് | 7074 | 205 | 7279 | 0 | 7279 |
| എം പി ഫണ്ട് | 37109 | 1014 | 38123 | 0 | 38123 |
| പ്രത്യേക ഉദ്ദേശ്യ ഫണ്ട് സ്റ്റേറ്റ് സ്പോൺസേർഡ് | 1396203 | 16891784 | 18287987 | 15461784 | 2826203 |
| ജലനിധി | 1033527 | 697035 | 1730562 | 0 | 1730562 |
| ഹെൽത്ത് ഗ്രാന്റ്-ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ | 196905 | 1128394 | 1325299 | 118 | 1325181 |
| ഹെൽത്ത് ഗ്രാന്റ്-ബിൽഡിംഗ് | 0 | 2805171 | 2805171 | 0 | 2805171 |
| ഹെൽത്ത് ഗ്രാന്റ്-വെൽനെസ്സ് സെന്റർ | 52946 | 460572 | 513518 | 118 | 513400 |
| എൻഎച്ച്എം. | 0 | 500000 | 500000 | 0 | 500000 |

ജി.ഒ.പ്രൊജക്ടുകളുടെ (ലൈഫ് വായ്പ, അംഗൻവാടി പോഷകാഹാരം) ചെലവ് വിവരങ്ങൾ എ.സി.ആർ കണക്കിൽ വന്നിട്ടില്ല. ജനറൽ, എസ്.സി.പി, ടി.എസ്.പി വിഭാഗങ്ങളിലെ ഈ തുകകൾ ഉൾപ്പെടെയുള്ള വിവരമാണ് മേൽ ചേർത്തിട്ടുള്ളത്. ജനറൽ വിഭാഗത്തിൽ ആകെ 4832600/- രൂപയും (3212000+1620600), എസ്.സി.പി വിഭാഗത്തിൽ 452127/- രൂപയും, ടി.എസ്.പി വിഭാഗത്തിൽ 1139965/- രൂപയും (എ.സി. നീക്കിയിരിപ്പ്) കണക്കിൽ വന്നിട്ടില്ല. കൂടാതെ എസ്.സി.പി വിഭാഗത്തിൽ 200000/- രൂപയും ടി.എസ്.പി

വിഭാഗത്തിൽ 300000/- രൂപയും ക്യൂബില്ലായിട്ടുണ്ട്. ഈ തുകകൾ എ.സി.ആർ കണക്കിൽ വന്നിട്ടുണ്ടെങ്കിലും സുലേഖ ചെലവ് പത്രികയിൽ വന്നിട്ടില്ല.അതുപോലെ ഏതാനും ഫണ്ടുകളിൽ അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയും എ.സി.ആറിലെ നീക്കിയിരിപ്പ് തുകയും തമ്മിൽ വന്ന പൊരുത്തക്കേടുകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ജേർണൽ എൻട്രി നടത്തി അപാകം പരിഹരിച്ചശേഷമാണ് മേൽ വിവരം ചേർത്തിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 336 | 329424370 | 211 | 124535827 | 131 | 125 | 80 | 23.81 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

<u>നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ</u>

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ (₹) | പദ്ധതി ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | 3895867 | 3795189 | 97.42 |
| വെറ്ററിനറി സർജ്ജൻ | 6 | 6 | 1349565 | 1329184 | 98.49 |
| മെഡിക്കൽ ഓഫീസർ, എഫ്.എച്ച്. സി | 13 | 9 | 8259406 | 4370985 | 52.92 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 400000 | 400000 | 100 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 800000 | 800000 | 100 |
| വി.ഇ.ഒ,നുച്യാട് | 12 | 10 | 13062008 | 4613363 | 35.32 |
| വി.ഇ.ഒ,വയത്തൂർ | 16 | 16 | 160258690 | 34175528 | 21.33 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 8 | 8201293 | 5466944 | 66.59 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 6900000 | 2495400 | 36.17 |
| സെക്രട്ടറി | 43 | 18 | 26077529 | 20769752 | 79.65 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 205 | 117 | 95938665 | 44668421 | 46.56 |
| ഹെഡ് മാസ്റ്റർ | 7 | 7 | 981970 | 836335 | 85.17 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 6 | 3299377 | 814726 | 24.69 |

| | | | | | |
|---|---|---|---|---|---|
| ആകെ | 336 | 211 | 329424370 | 124535827 | 37.80 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | ബാക്കി (₹) |
|---|---|---|---|---|---|
| ഭരണ ചെലവ് | 7976 | 1719676 | 1727652 | 1726975 | 677 |
| തൊഴിൽകൂലി + മെറ്റീരിയൽ | - | 59732026 | 59732026 | 59732026 | - |
| ആകെ | 7976 | 61451702 | 61459678 | 61459001 | 677 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4694400 | 358 |
| വിധവാ പെൻഷൻ | 17084900 | 1362 |
| വാർദ്ധക്യകാല പെൻഷൻ | 43205200 | 3665 |
| ഭിന്നശേഷി പെൻഷൻ | 5580500 | 431 |
| 50 വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 709400 | 57 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-11-2024 തീയതിയിൽ വൈകുന്നേരം 4 മണിക്ക് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12,614/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തേണ്ടതായുണ്ട്. ജീവനക്കാർ പുതുതായി ജോലിയിൽ പ്രവേശിക്കുമ്പോഴും വിട്ടുപോകുമ്പോഴും അതത് സമയങ്ങളിൽ തന്നെ ഓഫീസ് ഉത്തരവുകൾ മുഖേന ഉത്തരവുകൾ നൽകി വരുന്നുണ്ട്. എന്നിരുന്നാലും ജീവനക്കാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും നിർവചിച്ചുകൊണ്ടുള്ള സമഗ്രമായ ഒരു ജോലി വിഭജന രേഖ തയ്യാറാക്കിയതായി കാണുന്നില്ല. ജീവനക്കാരുടെ ജോലി പുരോഗതി അവലോകനം ചെയ്യുന്നതിനും വിലയിരുത്തുന്നതിനും എല്ലാ മാസങ്ങളിലും സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർത്തതായി കാണുന്നില്ല. ആകെ മൂന്ന് തവണ മാത്രമാണ് മീറ്റിംഗ് വിളിച്ച് ചേർത്തിട്ടുള്ളത്. ഫ്രണ്ട് ഓഫീസ് പ്രവർത്തനം, ജീവനക്കാരുടെ ജോലി പുരോഗതി, ഫയലുകൾ തീർപ്പാക്കുന്നതിലെ പുരോഗതി എന്നിവ കാര്യക്ഷമമായ വിലയിരുത്തലിന് വിധേയമാക്കിയതായി കാണുന്നില്ല. 2023-24 കാലയളവിൽ ILGMS സോഫ്റ്റ് വെയർ വഴിയാണ് സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. ഫ്രണ്ട് ഓഫീസ് മുഖേന മെച്ചപ്പെട്ട നിലയിൽ പൊതുജനങ്ങൾക്ക് സേവനം നൽകുന്നുണ്ട്. വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ ഒടുക്കിവരുന്നുണ്ട്. ഓഡിറ്റ് കാലയളവിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി ഓഡിറ്റ് വർഷം 3 തവണ മാത്രമേ യോഗം ചേർന്നിട്ടുള്ളൂ. പദ്ധതി നിർവ്വഹണവുമായി

ബന്ധപ്പെട്ട് നിർവഹണ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ചേർത്തിട്ടുണ്ടെങ്കിലും മിനുട്സിൽ യോഗ അജണ്ട എഴുതുകയോ ചർച്ച ചെയ്ത വിഷയങ്ങൾ രേഖപ്പെടുത്തുകയോ എടുത്ത തീരുമാനങ്ങൾ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ട വിഷയമാണ് നികുതി പിരിവ് അവലോകനം. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നികുതി പിരിവ് അവലോകനം കാര്യക്ഷമമായി നടത്തിയതായി കാണുന്നില്ല. തനതു വരുമാന വർദ്ധനവിന് ഉതകുന്ന രീതിയിലുള്ള നിർദ്ദേശങ്ങളോ മറ്റ് വരുമാന ശ്രോതസ്സുകളെപ്പറ്റിയുള്ള ചർച്ചകളും ഉണ്ടായിട്ടില്ല.

## 1-10 ഗ്രാമ സഭ /വർക്കിംഗ് ഗ്രൂപ്പ്

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 പ്രകാരം കുറഞ്ഞപക്ഷം മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം ചേരേണ്ടതാണ്. ഓഡിറ്റ് കലയളവിൽ 2023-24 വർഷം മൂന്ന് തവണ മാത്രമേ നിയമാനുസൃത ഗ്രാമസഭകൾ ചേർന്നിട്ടുള്ളൂ. ജൂലൈ, നവംമ്പർ, ഡിസംബർ മാസങ്ങളിലാണ് ഗ്രാമസഭകൾ ചേർന്നിട്ടുള്ളത്. നിയമാനുസൃത ഗ്രാമസഭകൾക്ക് പുറമെ ഭിന്നശേഷി ഗ്രാമസഭ, വയോജന ഗ്രാമസഭ എന്നീ പ്രത്യേക ഗ്രാമസഭകൾ ഡിസംബർ മാസത്തിൽ ചേർന്നിട്ടുണ്ട്. 2023-24 വർഷത്തെ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വികസന സെമിനാർ 15.02.2023 തീയതിലും 2024-25 വർഷത്തെ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായുള്ള വികസന സെമിനാർ 09.01.2024 തീയതിലും നടന്നു. 2023-24 കാലയളവിൽ പഞ്ചായത്ത് തല ആസൂത്രണസമിതി യോഗം ചേർന്നതിന്റെ മിനുട്സ് പരിശോധനക്ക് ലഭ്യമായിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നതിന്റെ കൃത്യമായ വിവരം ലഭ്യമല്ല. വർക്കിംഗ് ഗ്രൂപ്പ് യോഗ മിനിട്സുകൾ അപൂർണ്ണമാണ്. വർക്കിംഗ് ഗ്രൂപ്പ്, ആസൂത്രണ സമിതി എന്നിവയുടെ യോഗ മിനുട്സുകൾ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിലും ഈടാക്കിയതിലും അപാകങ്ങൾ - വരവിനത്തിൽ ₹1020 യുടെ നഷ്ടം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്.
ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതി ഡിമാന്റ് ചെയ്തതും ഈടാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങളുണ്ട്.
1) ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.

| സ്ഥാപനം | ജീവനക്കാർ | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽനികുതി (₹)/രശീതി നമ്പർ | ഈടാക്കേണ്ടിയിരുന്നത് (₹) | കുറവ് വന്ന തുക (₹) |
|---|---|---|---|---|---|
| എം.പി.സി മെഡിക്കൽ സെന്റർ | അഞ്ജു (സ്റ്റാഫ് നഴ്സ്) | 48000 (II അർദ്ധ വർഷം) | 300 (1230103800/27.11.2023) | 450 | 150 |
| | ശ്രേയ (ലാബ് ടെക്നീഷ്യൻ) | 48000 (II അർദ്ധ വർഷം) | 300 (1230103800/27.11.2023) | 450 | 150 |
| | പൂജ (ഫാർമസിസ്റ്റ്) | 48000 (II അർദ്ധ | 300 (1230103800/27.11.2023) | 450 | 150 |

| | | | | | |
|---|---|---|---|---|---|
| | | വർഷം) | | | |
| ഇരിട്ടി പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് | സരിത ജയറാം (പി.ടി.എസ്) | 80784 (I അർദ്ധ വർഷം) | 180 (1230101715/01.09.2023) | 750 | 570 |
| ആകെ | | | 1080 | 2100 | 1020 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/18.11.24) മറുപടിയായി തൊഴിൽനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ₹1020 ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

2) താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2023-24 വർഷത്തെ I / II അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | സെന്റ് ആന്റണീസ് യു.പി സ്കൂൾ, പേരട്ട (രണ്ടാം അർദ്ധ വർഷം) |
| 2 | അറബി ക്ഷീരോൽപ്പാദക സഹകരണ സംഘം (രണ്ടാം അർദ്ധ വർഷം) |
| 3 | നെല്ലിക്കാംപൊയിൽ ക്ഷീരോൽപ്പാദക സഹകരണ സംഘം (രണ്ടാം അർദ്ധ വർഷം) |
| 4 | പേരട്ട ക്ഷീരോൽപ്പാദക സഹകരണ സംഘം (രണ്ടാം അർദ്ധ വർഷം) |
| 5 | ഉളിക്കൽ സർവ്വീസ് സഹകരണ ബാങ്ക് വളം ഡിപ്പോ (രണ്ടാം അർദ്ധ വർഷം) |
| 6 | വട്ട്യാംതോട് കള്ള് ഷാപ്പ് (ഒന്നാം അർദ്ധ വർഷം) |
| 7 | മണിപ്പാറ കള്ള് ഷാപ്പ് (ഒന്നാം അർദ്ധ വർഷം) |
| 8 | നുച്യാട് കള്ള് ഷാപ്പ് (ഒന്നാം അർദ്ധ വർഷം) |
| 9 | പരിക്കളം കള്ള് ഷാപ്പ് (ഒന്നാം അർദ്ധ വർഷം) |
| 10 | ഉളിക്കൽ കള്ള് ഷാപ്പ് (ഒന്നാം അർദ്ധ വർഷം) |
| 11 | ഇരിട്ടി കോ.ഓപ്പ് റൂറൽ ബാങ്ക് നീതി ബിൽഡിംഗ് മെറ്റീരിയൽ (ഒന്നാം അർദ്ധ വർഷം) |
| 12 | കോളിത്തട്ട് ബ്രാഞ്ച് പോസ്റ്റ് ഓഫീസ്(ഒന്നാം അർദ്ധ വർഷം) |
| 13 | വട്ട്യാംതോട് പോസ്റ്റ് ഓഫീസ്(ഒന്നാം അർദ്ധ വർഷം) |

3) 2023-24 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് 6/18.11.2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, തൊഴിൽനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-12 തൊഴിൽനികുതി അടക്കുന്നതിലെ കാലതാമസം - വർദ്ധിപ്പിച്ച നിരക്കിൽ പിഴ ഈടാക്കിയില്ല

1) സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ്.എ2/2023/നിയമം വിജ്ഞാപനം പ്രകാരം 01-04-2023 പ്രാബല്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 209 ഇ വകുപ്പിന് വരുത്തിയ ഭേദഗതി പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ടിലെയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ ബൈലോകളിലെയോ വ്യവസ്ഥകൾക്ക് കീഴിൽ നിയമാനുസൃതമായ ഏതെങ്കിലും തുക അത് നൽകേണ്ടതായ തീയതിയിൽ നൽകാത്ത പക്ഷം അത് നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം രണ്ട് ശതമാനം നിരക്കിലുള്ള (ഒരു ശതമാനമായിരുന്നത് 01-04-2023 പ്രാബല്യത്തിൽ രണ്ട് ശതമാനമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്) പിഴ ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം 2023 ഏപ്രിൽ ഒന്ന് മുതൽ രണ്ട് ശതമാനം നിരക്കിൽ പിഴ ഈടാക്കേണ്ടതുണ്ട്. (ഒരു അർദ്ധവർഷത്തിൽ നൽകേണ്ടതായി തീർന്നതും നൽകേണ്ടതുമായ ഏതെങ്കിലും തുക അതേ അർദ്ധവർഷത്തിൽ നൽകുന്ന പക്ഷം പിഴ ഈടാക്കേണ്ടതില്ല). എന്നാൽ ഒന്നാം അർദ്ധവർഷത്തിലെ തൊഴിൽ നികുതിയിനത്തിൽ നൽകേണ്ട തുക ആ അർദ്ധവർഷം തന്നെ നൽകാതിരുന്നപ്പോൾ 2 ശതമാനം നിരക്കിൽ പിഴ ഈടാക്കുന്നതിന് പകരം ഒരു ശതമാനം നിരക്കിൽ മാത്രമാണ് നികുതിദായകരിൽ നിന്നും ഗ്രാമപഞ്ചായത്ത് ഈടാക്കിയതെന്ന് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ഐ എൽ ജി എം എസ് എന്നിവ പരിശോധിച്ചതിൽ നിന്ന് വ്യക്തമായിട്ടുണ്ട്.

2) തദ്ദേശ സ്വയംഭരണ (എൻ) വകുപ്പിന്റെ 24.08.2000 തീയ്യതിയിലെ 51457/ എൻ 1/ തഭവ നമ്പർ സർക്കുലർ പ്രകാരം ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി പിഴ പലിശ നൽകേണ്ടിവരുന്ന തീയ്യതി സെപ്തംബർ ഒന്നു മുതലാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഉളിക്കൽ ഗ്രാമപഞ്ചായത്തിൽ ചില സ്ഥാപനങ്ങളുടെ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി സെപ്തംബർ മാസത്തിന് ശേഷം അടച്ചപ്പോൾ നികുതിക്ക് പിഴ കണക്കാക്കിയത് ഒക്ടോബർ മാസം മുതലാണ്.

മേൽ അപാകങ്ങൾക്ക് ഉദാഹരണങ്ങൾ താഴെ പറയുന്നു.

| സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി (₹)/<br>രസീത് നമ്പർ/തീയതി | ഈടാക്കിയ പിഴ (₹) | ഈടാക്കേണ്ട പിഴ (₹) | പിഴയിനത്തിലെ കുറവ് (₹) |
|---|---|---|---|---|
| കേരള സ്റ്റേറ്റ് കൺസ്യൂമർ ഫെഡ്, ഉളിക്കൽ | 7500<br>1230103224/16.11.2023 | 150 | 450 | 300 |
| ശ്രീകൃഷ്ണ പോളി ക്ലിനിക്ക്, ഉളിക്കൽ | 4600<br>1230108147/27.03.2024 | 276 | 644 | 368 |
| സെന്റ് ജോൺസ് എ.എൽ.പി സ്കൂൾ, കോളിത്തട്ട് | 1250<br>1230106381/24.02.2024 | 75 | 150 | 75 |
| വെറ്ററിനറി ഡിസ്പൻസറി, അറബി | 4050<br>1230102198/05.10.2023 | 40 | 162 | 122 |
| കൃഷിഭവൻ, ഉളിക്കൽ | 5750<br>1230102378/25.10.2023 | 115 | 230 | 115 |

3) ചുവടെ ചേർത്ത സ്ഥാപനത്തിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി വൈകി അടവാക്കിയതിന് പിഴ ഈടാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | തൊഴിൽ നികുതി(₹)/<br>രസീത് നമ്പർ/തീയതി | ഈടാക്കേണ്ട പിഴ (₹) |
|---|---|---|---|

| | | | |
|---|---|---|---|
| കേരള ഗ്രാമീൺ ബാങ്ക്, വട്ട്യാംതോട് | 2023-24 - 1st Half | 5000 1230104833/19.12.2023 | 400 |
| ശാരദ വിലാസം എ.എൽപി സ്കൂൾ, പരിക്കളം | 2023-24 - 1st Half | 21,250 1230102386/26.10.2023 | 850 |

മേൽ സർക്കാർ ഉത്തരവിൽ/വിജ്ഞാപനത്തിൽ നിഷ്കർഷിച്ച പ്രകാരം പിഴ ഈടാക്കാത്തത് സംബന്ധിച്ച് 9/18.11.2024 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടിയായി പിഴ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് പുറമെ തൊഴിൽ നികുതി വൈകി അടവാക്കിയ മുഴുവൻ നികുതിദായകരിൽ നിന്നും പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് ലഭിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

എഫ്.ടി ഇ & ഒ എസ് ലൈസൻസ് ലഭിച്ച താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ (ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയത് പ്രകാരം) നിന്നും 2023 - 24 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| കെട്ടിട നമ്പർ | സ്ഥാപന ഉടമ / സ്ഥാപനത്തിന്റെ പേര് | ജോലിക്കാരുടെ എണ്ണം (അപേക്ഷയിൽ രേഖപ്പെടുത്തിയത്) |
|---|---|---|
| 13/71 E-U | ലിജോ ചാക്കോ / ചെറി മാർട്ട് സൂപ്പർമാർക്കറ്റ് | 6 |
| 11/777 | ഡോ.എ.ജെ.ജോൺ / ആയുർവേദ ചികിത്സ | 5 |
| 6/129 | ഡോ.ശ്രുതി സഹദേവൻ / ഹൃദയ ഫാമിലി ഹെൽത്ത് സെന്റർ | 7 |
| 14/150 B | ചാക്കോ കെ.എ / പ്രൈം ഫ്യൂവൽസ് | 5 |
| 7/176 B | ലീഭ.എം.ബി / ഡ്രീം ടൈലറിംഗ് ഷോപ്പ് | 4 |
| 11/190 A-L | മുഹമ്മദ് ആദിൽ മദീജ് / ഫസ്റ്റ് ചോയിസ് മെഡിക്കൽ സെന്റർ | 6 |
| 20/363 | സെക്രട്ടറി, ക്ഷീരോൽപ്പാദക സഹകരണ സംഘം, | 4 |

| | | |
|---|---|---|
| | മണിക്കടവ് | |
| 12/275 | ബിജു തോമസ് / റിയൽ ഹോംസ് | 5 |
| 11/425 | അമ്പിളി ദിലീപ് / ഓട്ടോ ഫ്യൂവൽസ് | 5 |
| 11/431 B-F | ബിനോയി മാത്യു / ഫയർ & ഫ്ലേവർ റസ്റ്റോറന്റ് | 3 |

തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ / തൊഴിൽ നികുതി ഈടാക്കുന്നതിനായി സ്ഥാപന ഉടമയ്ക്ക് ഡിമാന്റ് നോട്ടീസ് നല്കിയതുമായി ബന്ധപ്പെട്ട വിവരങ്ങളും സ്ഥാപന ഉടമകൾ സമർപ്പിച്ച റിട്ടേണുകളും പരിശോധനക്കായി ലഭ്യമാക്കുന്നതിനായി 6/18.11.2024 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടിയായി തൊഴിൽനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ കണ്ടെത്തിയ ഉദാഹരണങ്ങൾ മാത്രമാണ് മുകളിൽ നൽകിയിട്ടുള്ളത്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെയും കൂടാതെ മറ്റ് സ്ഥാപനങ്ങളിലെയും തൊഴിൽ നികുതി അടവാക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-14 കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ അപാകം

സ.ഉ(അച്ചടി)നം.25/2023/തസ്വഭവ തീയതി 05.04.23 ( എസ് ആർ ഒ നമ്പർ 479/2023 ) വിജ്ഞാപന പ്രകാരം പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്ന വ്യത്യസ്ത കെട്ടിട വിഭാഗങ്ങളുടെ വിവരവും അവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കും താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം | ഏറ്റവും കുറഞ്ഞ നിരക്ക് (രൂപ) | ഏറ്റവും കൂടിയ നിരക്ക് (രൂപ) |
|---|---|---|---|
| 1 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ(ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ | 6 | 10 |
| 2 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ(ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീറ്ററിന് മുകളിലുള്ളവ | 8 | 12 |
| 3 | ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ-300 ച.മീറ്റർ വരെയുള്ളവ | 40 | 70 |

മേൽ വിജ്ഞാപനത്തിന്റെ ഭാഗമായി ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 07.07.2023 തീയതിയിലെ 69/23 നമ്പർ തീരുമാന പ്രകാരം പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ (അന്തിമ വിഞ്ജാപനം നം. 401054/PTRV01/GPO/2023/2735 തീ.11.07.2023) മേൽ പട്ടികയിൽ പരാമർശിച്ച ക്രമ നമ്പർ 1,2,3 എന്നീ കെട്ടിടവിഭാഗങ്ങളുടെ നികുതി നിരക്ക് യഥാക്രമം 6,8,40 എന്നിങ്ങനെയാണ്. എന്നാൽ ന്യൂ ബിൽഡിംഗ് രജിസ്റ്റർ, സഞ്ചയ എന്നിവ പരിശോധിച്ചതിൽ

2023-24 കാലയളവിൽ വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള താഴെ പറയുന്ന കെട്ടിടങ്ങളെ തെറ്റായ വിഭാഗത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുണ്ട്.

| കെട്ടിട നമ്പർ | കെട്ടിട ഉടമസ്ഥന്റെ പേര് | കെട്ടിട വിസ്തീർണം ച.മീ | ഉപയോഗ ക്രമം | സഞ്ചയയിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ ഉപവിഭാഗം / നികുതി നിരക്ക് | സഞ്ചയയിൽ ഉൾപ്പെടുത്തേണ്ട കെട്ടിടത്തിന്റെ ഉപവിഭാഗം / നികുതി നിരക്ക് |
|---|---|---|---|---|---|
| 4/565 C | മോളി ചാക്കോ | 49.48 | കാർട്ടേഴ്സ് | മേൽപട്ടികയിലെ ക്രമ നമ്പർ 1 (1 ച.മീ ന് 6 രൂപ നിരക്കിൽ) | മേൽപട്ടികയിലെ ക്രമ നമ്പർ 3 (1 ച.മീ ന് 40 രൂപ നിരക്കിൽ ) |
| 17/167 B | കൊളങ്ങരക്കണ്ടി മുഹമ്മദലി | 303.34 | പാർപ്പിടാവശ്യം | മേൽപട്ടികയിലെ ക്രമ നമ്പർ 1 (1 ച.മീ ന് 6 രൂപ നിരക്കിൽ) | മേൽപട്ടികയിലെ ക്രമ നമ്പർ 2 (1 ച.മീ ന് 8 രൂപ നിരക്കിൽ ) |

കെട്ടിടങ്ങളുടെ വിഭാഗം സഞ്ചയയിൽ വ്യത്യസ്തമായി നൽകിയതിന് 26/20.11.2024 പ്രകാരം ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി നികുതി പരിഷ്കരിച്ച് കുടിശ്ശിക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച കെട്ടിടം കൂടാതെ 01-04-2023 തീയതി മുതൽ നികുതി നിർണ്ണയിച്ചിട്ടുള്ള മുഴുവൻ കെട്ടിടങ്ങളുടേയും അസ്സസ്സ്മെന്റ് സഞ്ചയയിൽ പരിശോധിക്കേണ്ടതും കെട്ടിടങ്ങളുടെ ഉപയോഗക്രമം/ഉൾപ്പെടുത്തിയ ഉപവിഭാഗം ഇത്തരത്തിൽ തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് വസ്തുനികുതി ക്രമപ്പെടുത്തേണ്ടതും വസ്തുനികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-15 വസ്തു നികുതി പൂർണ്ണമായും പിരിച്ചെടുത്തില്ല.

ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി ഇനത്തിൽ താഴെപ്പറയുന്ന തുക പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

| ക്രമ നമ്പർ | വസ്തുനികുതി | തൻവർഷം (BT+LC) | കുടിശ്ശിക (BT+LC) |
|---|---|---|---|
| 1 | റസിഡൻഷ്യൽ ബിൽഡിംഗ്സ് | ₹42,688 | ₹51 |
| 2 | നോൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് | ₹ 1,23,025 | ₹ 66,612 |

മേൽ അപാകം സംബന്ധിച്ച് 25/19.11.2024 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-16 സർക്കാർ അംഗീകൃതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും (അൺ എയ്ഡഡ്) വസ്തു നികുതി ഈടാക്കേണ്ടതാണ്.

സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ്. എ2/2023/നിയമം വിജ്ഞാപനം പ്രകാരം 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ 01-04-2023 പ്രാബല്യത്തിൽ വരുത്തിയ ഭേദഗതി അനുസരിച്ച് ഹയർ സെക്കണ്ടറി തലം വരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക്

വസ്തുനികുതിയിളവ് അനുവദിച്ചിരുന്ന കേരള പഞ്ചായത്ത് രാജ് ആക്ട് 207 വകുപ്പിലെ ബിഎ) ഖണ്ഡം റദ്ദാക്കുകയുണ്ടായി. ഇതു പ്രകാരം 01-04-2023 മുതൽ സർക്കാരിന്റെ അംഗീകാരം ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കണ്ടറി തലം വരെയുള്ളതുമായ, വിദ്യാഭ്യാസ ആവശ്യത്തിനു വേണ്ടി മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങൾക്കും അനുവദിച്ചിരുന്ന വസ്തു നികുതി ഇളവ് ഒഴിവാക്കിയിട്ടുണ്ട്. മേൽ ഭേദഗതിയുടെ അടിസ്ഥാനത്തിൽ ഉളിക്കൽ ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം വരെ 207 ബിഎ) വകുപ്പ് പ്രകാരം വസ്തുനികുതിയിളവ് അനുവദിച്ചിരുന്ന ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി 01-04-2023 പ്രാബല്യത്തിൽ (2023-24വർഷം മുതൽ) ഈടാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുന്നതിനായി 7/18.11.2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഫ്ലവററ്റ് ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ (10/450) വസ്തുനികുതി അടവാക്കിയിട്ടുള്ളതായും, സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, പേരട്ട (6/485)എന്ന സ്ഥാപനത്തിന്റെ വസ്തുനികുതി 01.04.2023 മുതൽ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും, അൺ എയിഡഡ് മേഖലയിൽ മറ്റ് സ്കൂളുകൾ ഇല്ല എന്നും അറിയിച്ചിട്ടുണ്ട്. സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ വസ്തുനികുതി ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-17 വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചില്ല.

22.03.2023 ലെ സ.ഉ(കൈ)നം.77/2023/തസ്വഭവ പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സോഫ്ട്വെയറിൽ ചേർക്കേണ്ടതും, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. ഉളിക്കൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്ത് തലത്തിൽ ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങളുടെ വിവരവും പുരോഗതി വിവരവും ലഭ്യമാക്കുന്നതിനായി 8/18.11.2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, ഫീൽഡ് തല പരിശോധനക്കായി ഇന്റർവ്യൂ നടത്തിയെങ്കിലും ഒരാൾ മാത്രമാണ് പരിശോധനയ്ക്ക് തയ്യാറായതെന്നും, ഫീൽഡ് പരിശോധനയ്ക്കും ഡാറ്റാ എൻട്രിക്കുമായി നൽകാവുന്ന നിരക്ക് കുറവായതും, ഡാറ്റാ എൻട്രിക്കുള്ള ലോഗിൻ ലഭ്യമാകാത്തതുമാണ് വസ്തുനികുതി പരിഷ്കരണ ഉത്തരവ് നടപ്പിലാക്കാൻ കഴിയാതെ പോയതെന്ന് അറിയിച്ചിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 FTE&OS ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017-ലെ ജി.ഒ.(പി) 80/2017/എൽ.എസ്.ജി.ഡി. പ്രകാരം ഭേദഗതി വരുത്തിയ 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ ഉൽപ്പാദനം, സേവനം എന്നീ രണ്ടു മേഖലകളിലായി അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് ഓരോന്നിനും ബാധകമായ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് രജിസ്റ്റർ, വാടക ഡിമാന്റ് രജിസ്റ്റർ, പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു

1) ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ/മാർക്കറ്റിലെ മുറികൾ 2023-24 സാമ്പത്തിക വർഷം വിവിധ ആവശ്യങ്ങൾക്കായി വാടകയ്ക്ക് നൽകിയിട്ടുള്ള താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും FTE&OS ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ | വ്യക്തിയുടെ പേര് | വാർഡ് |
|---|---|---|

| നമ്പർ | | നമ്പർ കെട്ടിട നമ്പർ |
|---|---|---|
| 1 | ഷാജി ജോർജ്ജ് | 12/26 |
| 2 | ഷാജി ജോർജ്ജ് | 12/29 |
| 3 | രാജു പി ജെ | 12/31 |
| 4 | മുജീബ് എൻ | 12/33 |
| 5 | ജോജോ കുര്യൻ | 12/34 |
| 6 | വി.കെ കൃഷ്ണൻ മാസ്റ്റർ | 12/35 |
| 7 | പ്രശാന്ത് .പി.വി | 12/36 |
| 8 | ബിജു ജോസഫ് കെ | 12/37 |
| 9 | ബാബു ചെമ്മരപ്പള്ളിൽ | 12/38 |
| 10 | മാത്യു ജോസഫ് | 12/39 J |
| 11 | സജി.എം.ഡി | 12/39 K |
| 12 | ബാബുരാജ്.വി.കെ | 12/39 L |
| 13 | ജോർജ് ജോസഫ് | 12/39 S |
| 14 | പ്രവീൺ.പി.ജെ | 12/39 V |
| 15 | റിച്ചാർഡ് ജോസഫ് | 12/39 O |
| 16 | ദിലീഷ്.കെ.കെ | 12/39 P |
| 17 | ജസ്റ്റിൻ ജോസഫ് | 12/39 W |
| 18 | വിജീഷ്.വി.കെ | 12/592 X |
| 19 | കുര്യാക്കോസ് എം.വി | 12/592 C |
| 20 | അബൂബക്കർ മാങ്ങാടൻ | 12/592 K |
| 21 | മുഹമ്മദ് അഴീക്കോടൻ | 12/592 L |

മേൽ അപാകം സംബന്ധിച്ച് 17/19.11.2024 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടിയായി ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2) മേൽ ചട്ടങ്ങൾ, ചട്ടം 3 ലെ ഒന്നാം പട്ടികയിലെ ക്രമ നമ്പർ 142 പ്രകാരം സ്വകാര്യ ആശുപത്രികളുടെ നടത്തിപ്പിനും ചട്ടം 143 പ്രകാരം സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ലാബുകൾ മുതലായവയുടെ നടത്തിപ്പിനും ലൈസൻസ് എടുക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2023-24 വർഷം എഫ്.ടി.ഇ. & ഒ.എസ് ലൈസൻസ് അനുവദിച്ചിട്ടില്ല.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര്/സ്ഥാപനം |
|---|---|
| 1 | ജ്യോതിഷ്.ഇ.ജെ / ആശ്വാസ് പോളി ക്ലിനിക്ക് |
| 2 | ഡോ.ലിസ്ബി ജോൺ.എൻ. / തേജസ് ഹോമിയോ ക്ലിനിക്ക് |
| 3 | മേഘ്ന.ഇ / ഇവ ഹോമിയോ |

| | ക്ലിനിക്ക് |
|---|---|

മേൽ അപാകം സംബന്ധിച്ച് 18/19.11.2024 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിച്ചതാണെങ്കിൽ ചട്ടലംഘനം നടത്തിയതിന് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 255 പ്രകാരമുള്ള പിഴ ഈടാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാവുന്നതും സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-19 ഷോപ്പിംഗ് കോംപ്ലക്സ് / മത്സ്യ മാംസ മാർക്കറ്റ് വാടക വരവ് - കുടിശ്ശിക സംബന്ധിച്ച്

വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2023-24 വർഷം താഴെ പറയും പ്രകാരം വാടക ഈടാക്കുവാൻ അവശേഷിക്കുന്നുണ്ട്.

| ക്രമ നമ്പർ | വാടകക്കാരന്റെ പേര്, റൂം നമ്പർ | പ്രതിമാസ വാടക (₹) | വാടക കുടിശ്ശിക/കാലയളവ് |
|---|---|---|---|
| 1 | ജസ്റ്റിൻ ജോസഫ്, സെക്രട്ടറി ജെ.സി.ഐ യൂണിറ്റ് (ഷോപ്പിംഗ് കോംപ്ലക്സ് – 12/39 W) | 2667 | 32004<br>04/23 – 03/24 |
| 2 | വിജീഷ്.വി.കെ (മത്സ്യ സ്റ്റാൾ – 12/592 X) | 10100 | 121200<br>04/23 – 03/24 |
| 3 | അജേഷ്.പി.ജെ (മാംസ സ്റ്റാൾ – 12/592 Z5) | 9100 | 109200<br>04/23 – 03/24 |
| | ആകെ | | 2,62,404 |

വാടകയിനത്തിൽ മുൻവർഷ കുടിശ്ശികയായി ₹1,35,168 (ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം:₹53268, മാർക്കറ്റ് കെട്ടിടം:₹81900) പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.
മേൽ അപാകങ്ങൾ സംബന്ധിച്ച് 24/19.11.2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയായി, തൻവർഷ വാടക കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിച്ച് വരുന്നതായും മുൻവർഷത്തെ കുടിശ്ശിക ഈടാക്കുന്നതിന് മട്ടന്നൂർ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ കേസ് ഫയൽ ചെയ്തിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. കുടിശ്ശിക തുക ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-20 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ - രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു.

1999-ലെ കേരള പഞ്ചായത്ത് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3(1) അനുസരിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ സ്ഥാപിക്കാൻ പാടില്ല എന്നും ചട്ടം 5(1) പ്രകാരം ഒരു പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.
ഉളിക്കൽ ഗ്രാമപഞ്ചായത്തിൽ നിന്നും 2023-24 വർഷം FTE &OS ലൈസൻസ് ലഭിച്ചിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ മേൽ ചട്ട പ്രകാരം രജിസ്റ്റർ ചെയ്തതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.
1) ഇംഗ്ലീഷ് വിംഗ്സ് അക്കാദമി (കെട്ടിട നമ്പർ – 11/247)
2) ലേൺ ഹോം ഓൺലൈൻ ട്യൂഷൻ (കെട്ടിട നമ്പർ – 3/158)
മേൽ അപാകങ്ങൾ സംബന്ധിച്ച് 19/19.11.2024 പ്രകാരം എൻക്വയറി നൽകിയതിന്

മറുപടിയായി രജിസ്ട്രേഷൻ പുതുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിച്ച് ചട്ടലംഘനം നടത്തിയതിന് സ്വീകരിച്ച തുടർ നടപടികൾ ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-21 സ്വകാര്യ ആശുപത്രി/സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ -രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. കൂടാതെ ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതാണ്.

1) ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം രജിസ്റ്റർ ചെയ്തിട്ടുള്ള താഴെപ്പറയുന്ന സ്വകാര്യ ആശുപത്രി/സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2023-24 വർഷത്തെ രജിസ്ട്രേഷൻ പുതുക്കിയത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിടനമ്പർ | ഉടമസ്ഥന്റെ പേര്/സ്ഥാപനം |
|---|---|---|
| 1. | 11/777 | ഡോ.എ്.ജെ.ജോൺ ആയുർവേദാശുപത്രി |
| 2. | 1/340 B-F | സണ്ണി മാത്യു സാന്ത്വനം ഹെൽത്ത് കെയർ ക്ലിനിക്ക് |
| 3. | 13/578 C | ഡോ.സിസ്റ്റർ മെർജിൻ ഹോമിയോ ആശുപത്രി |

2) 2023-24 സാമ്പത്തിക വർഷം FTE&OS ലൈസൻസ് ലഭിച്ചിട്ടുള്ള താഴെപ്പറയുന്ന സ്വകാര്യ ആശുപത്രി/സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2023-24 വർഷത്തെ രജിസ്ട്രേഷൻ പുതുക്കിയത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിടനമ്പർ | ഉടമസ്ഥന്റെ പേര്/സ്ഥാപനം |
|---|---|---|
| 1 | 11/390 A-L | മുഹമ്മദ് ആദിൻ മജീദ് / ഫസ്റ്റ് ചോയിസ് മെഡിക്കൽ സെന്റർ |
| 2 | 20/362 | സി.ഗ്രേസ് ജോസ് / ആയുർവേദ ചികിത്സാ കേന്ദ്രം |
| 3 | 11/340 A | ലിബു ജോൺ / ഫിസിയോ തെറാപ്പി |

| | | |
|---|---|---|
| | | സെന്റർ |
| 4 | 8/396 | രാജപ്പൻ.കെ.എം / ആയുർവേദ ചികിത്സാ കേന്ദ്രം |
| 5 | 13/595 A | രജനി.കെ.ആർ / ആയുർവേദ ചികിത്സാ കേന്ദ്രം |
| 6 | 15/135 | സുധീഷ്.കെ.കെ / ഹോമിയോ ക്ലിനിക്ക് |
| 7 | 11/271 | ഡോ.നമിത ജോയി / ഡെന്റൽ ക്ലിനിക്ക് |

മേൽ അപാകം സംബന്ധിച്ച് 18/19.11.2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രജിസ്റ്റർ ചെയ്യാതെയോ, രജിസ്ട്രേഷൻ പുതുക്കാതെയോ പ്രവർത്തിച്ചതാണെങ്കിൽ ചട്ടലംഘനം നടത്തിയതിന് സ്വീകരിച്ച തുടർ നടപടികൾ ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-22 തനത് ഫണ്ട് പലിശ രഹിത അക്കൗണ്ടിൽ വർഷങ്ങളോളം സൂക്ഷിച്ചു- പഞ്ചായത്തിന് വരുമാന നഷ്ടം

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഉളിക്കൽ ബ്രാഞ്ചിൽ 14.08.2017 തീയ്യതിയിൽ ഇ-പേമെന്റിനായി സെക്രട്ടറിയുടെ പേരിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നം. 37025345739) 31.03.2024 ൽ 4672093 രൂപ നീക്കിയിരിപ്പുണ്ട്. ഇത്രയും വലിയ തുക പലിശരഹിത അക്കൗണ്ടിൽ തുടരുന്ന സാഹചര്യത്തിൽ നാളിതുവരെ പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റുകയോ, ആയത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ തുക മാറ്റുവാനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഇത്രയും വലിയതുക വർഷങ്ങളായി പലിശ രഹിത അക്കൗണ്ടിൽ സൂക്ഷിച്ചതു മൂലം പഞ്ചായത്തിന് പലിശ ഇനത്തിൽ വലിയൊരു തുക വരുമാന നഷ്ടത്തിന് ഇടയായിട്ടുണ്ട്. തുക എത്രയും വേഗം സേവിംഗ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 ടെണ്ടർ ഫീസ് അതത് സമയങ്ങളിൽ ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നില്ല.

28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുവാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫീസ് ഇനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യുട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനിയറുടെ അക്കൗണ്ടിലേക്ക് അനുവദിക്കുകയാണ് ആദ്യഘട്ടത്തിൽ ചെയ്തിരുന്നത്. പിന്നീട് അസിസ്റ്റന്റ് എൻജിനിയർ ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീസ് അടവാക്കുന്നതിന് എസ്.ബി.ഐയിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന്

സ.ഉ.(സാധാ) നം.3186/17 ത.സ്വ.ഭ.വ തീയതി. 2-10-2017 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് അസിസ്റ്റന്റ് എൻജിനിയറുടെ പേരിൽ എസ്.ബി.ഐ ഉളിക്കൽ ശാഖയിൽ 20.07.2018 തീയ്യതിയിൽ ഒരു കറന്റ് അക്കൗണ്ട് (നം.37824188493) ആരംഭിച്ചിട്ടുണ്ട്.

ടെണ്ടർ ഫീസ് ക്രഡിറ്റ് ചെയ്യുന്നതിന് അക്കൗണ്ട് ആരംഭിച്ചിട്ടും അതത് സമയങ്ങളിൽ ടെണ്ടർ ഫീസ് ഇനത്തിൽ വന്ന തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റുകയുണ്ടായില്ല. ഇക്കാര്യം ഓഡിറ്റ് വേളയിൽ ചൂണ്ടിക്കാണിച്ചപ്പോൾ ടെണ്ടർ ഫീസ് ഇനത്തിൽ വന്ന തുക 198260/-രൂപ സെക്രട്ടറിയുടെ പേരിലുള്ള എസ്.ബി.ഐ അക്കൗണ്ടിലേക്ക് (നം.3782418849) 19.11.2024 തീയ്യതിയിൽ കൈമാറിയതായി അറിയിച്ചിട്ടുണ്ട്. 17.01.2024 മുതലുള്ള ബാങ്ക് സ്റ്റേറ്റ് മെന്റ് മാത്രമേ പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളൂ. 2023-24 വർഷം ഇ-ടെണ്ടർ ഫീസിനത്തിൽ വരവ് വന്നിട്ടുള്ള തുകകൾ പരിശോധിക്കുന്നതിന് 01.04.2023 മുതലുള്ള ബാങ്ക് സ്റ്റേറ്റ് മെന്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ അക്കൗണ്ട് മുഖേന മറ്റ് ഇടപാടുകൾ നടത്തിവന്നതായി കാണുന്നു.ടെണ്ടർ ഫീസിന് പുറമെ മറ്റ് വരവുകൾ ക്രഡിറ്റ് ചെയ്യുകയും അതുപോലെ ചെലവുകളും അക്കൗണ്ട് മുഖേന നടത്തിയിട്ടുണ്ട്. ഇക്കാരണത്താൽ ടെണ്ടർ ഫീസായി ലഭിച്ച് പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറേണ്ട തുകകളെത്രയെന്ന് വ്യക്തമാക്കാൻ പ്രയാസമാണ്.

ടെണ്ടർ ഫീസ് ഇനത്തിൽ അസിസ്റ്റന്റ് എൻജിനിയറുടെ പേരിലുള്ള പലിശ രഹിത കറന്റ് അക്കൗണ്ടിൽ വരുന്ന തുക കാലതാമസം കൂടാതെ പഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുവാൻ ശ്രദ്ധിക്കേണ്ടതും 198260 രൂപ സെക്രട്ടറിയുടെ തനത് ഫണ്ട് അക്കൗണ്ടിൽ ക്രഡിറ്റായ വിവരം അറിയിക്കേണ്ടതുമാണ്. കൂടാതെ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് ഇ-ടെണ്ടർ ഫീസിനത്തിൽ തിരികെ ലഭിക്കാൻ ബാക്കിയായ തുകകൾ ലഭ്യമാക്കുവാനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ മുഴുവനായും ലഭ്യമായില്ല.₹1,10,759 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ |
| പ്രോജക്ട് നമ്പർ /പേര് | 24/24 ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹4,00,000 (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | ₹4,00,000 (ബിൽ നമ്പർ : 295/29.01.2024) |
| പ്രൊഫോർമ ഇൻവോയിസ് നമ്പർ | PF – 993/06.12.2023 |

മേൽ പ്രോജക്ട് പ്രകാരം ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ₹4,00,000 കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിലേക്ക് നൽകുകയും ₹2,89,241 യുടെ മരുന്ന് ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ₹1,10,759 യുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ സ്റ്റോക്കിലെടുത്ത വിവരം രേഖകൾ സഹിതം ലഭ്യമാക്കുന്നതിന് 31/21.11.2024 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന് ₹1,10,759 യുടെ മരുന്നുകൾ ലഭിക്കാനുണ്ടെന്നും ആയത് ലഭ്യമാക്കുന്നതിനായി ഹോംകോയുമായി ബന്ധപ്പെടുന്നുണ്ടെന്നും മറുപടി ലഭ്യമാക്കി. മരുന്നുകൾ മുഴുവനായി ലഭ്യമാകാത്തതിനാൽ ₹1,10,759 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 സർക്കാർ ഉത്തരവിനു വിരുദ്ധമായി നിയമനം നടത്തി - ₹120000 യുടെ

## ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |
| പ്രൊജക്ട് നമ്പർ, പേര് | 28/24, കുടുംബാരോഗ്യ കേന്ദ്രത്തിലെ താൽകാലിക ഡോക്ടറുടെയും ഫാർമസിസ്റ്റിന്റെയും ലാബ് ടെക്നീഷ്യന്റെയും വേതനം |
| അടങ്കൽ | ₹ 1180000.00 (വികസന ഫണ്ട് - പൊതു വിഭാഗം)<br>₹ 320000.00(തനത് ഫണ്ട്)<br>ആകെ:₹1500000.00 |
| ചെലവ് | ₹1150400.00 (വികസന ഫണ്ട്,ജനറൽ)<br>₹ 129000.00(തനത് ഫണ്ട്)<br>ആകെ:₹1279400.00 |
| തുക, ബിൽ നമ്പർ/ തീയതി | 1.₹134900, 5/12.05.2023 വികസന ഫണ്ട്, ജനറൽ<br>2.₹101500, 6/12.05.2023 വികസന ഫണ്ട്, ജനറൽ<br>3.₹101800, 18/06.06.2023 വികസന ഫണ്ട്, ജനറൽ<br>4.₹105000, 93/04.07.2023 വികസന ഫണ്ട്, ജനറൽ<br>5.₹103100, 137/19.08.2023 വികസന ഫണ്ട്, ജനറൽ<br>6.₹105000, 170/07.11.2023 വികസന ഫണ്ട്, ജനറൽ<br>7.₹103100, 174/08.11.2023 വികസന ഫണ്ട്, ജനറൽ<br>8.₹105000, 175/08.11.2023 വികസന ഫണ്ട്, ജനറൽ<br>9.₹57000, 209/07.12.2023 വികസന ഫണ്ട്, ജനറൽ<br>10.₹48000, 210/07.12.2023 വികസന ഫണ്ട്, ജനറൽ<br>11.₹57000, 254/04.01.2024 വികസന ഫണ്ട്, ജനറൽ<br>12.₹48000, 255/04.01.2024 വികസന ഫണ്ട്, ജനറൽ<br>13.₹81000, 313/03.02.2024 വികസന ഫണ്ട്, ജനറൽ<br>14.₹24000, 314/03.02.2024 തനത് ഫണ്ട്<br>15.₹81000, 422/12.03.2024 തനത് ഫണ്ട്<br>16.₹24000, 423/12.03.2024 തനത് ഫണ്ട് |
| | ആകെ : ₹1279400 |

മേൽ പ്രൊജക്ട് പ്രകാരം താൽക്കാലികമായി നിയമിക്കപ്പെട്ട എഫ്.എച്ച്.സി ഡോക്ടർ, ഫാർമസിസ്റ്റ്, ലാബ് ടെക്നിഷ്യൻ എന്നിവരുടെ വേതനം നൽകുന്നതിനായി ₹1279400 ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 25-10-23 തിയ്യതിയിലെ ഡി.എ1/363/2023 നമ്പർ സർക്കുലർ പ്രകാരം കുടുംബാരോഗ്യ കേന്ദ്രത്തിൽ നിയമിക്കാവുന്ന പരമാവധി സ്റ്റാഫ് ഒരു ഡോക്ടറും ഒരു പാരാമെഡിക്കൽ സ്റ്റാഫും മാത്രമാണ്. പാരാമെഡിക്കൽ സ്റ്റാഫിൽ

നേഴ്സ്/ഫാർമസിസ്റ്റ്/ലാബ് ടെക്നീഷ്യൻ എന്നിവരിൽ ആരെ നിയമിക്കണമെന്ന് മെഡിക്കൽ ഓഫീസറുടെ ശിപാർശയുടെ കൂടി അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ തന്നെ തീരുമാനം എടുക്കാവുന്നതാണെന്നും പ്രത്യേക പരിഗണന നൽകേണ്ട പ്രദേശമാണെങ്കിൽ ജനസംഖ്യ, OP/IP രോഗികളുടെ എണ്ണം, പ്രദേശത്തിന്റെ പ്രത്യേകത എന്നിവയുടെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയാണെങ്കിൽ മാത്രമേ കോ ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് അധിക സ്റ്റാഫിനെ നിയമിക്കേണ്ടതുള്ളൂ എന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം ഒരു ഡോക്ടറേയും ഒരു ഫാർമസിസ്റ്റിനെയും ഒരു ലാബ് അസിസ്റ്റന്റിനേയും നിയമിക്കുകയും വേതനം നല്കുകയും ചെയ്തിട്ടുണ്ട്. അധിക സ്റ്റാഫിനെ നിയമിച്ചത് സംബന്ധിച്ച കോഓർഡിനേഷൻ കമ്മറ്റി തീരുമാനമോ മറ്റെന്തെങ്കിലും ഉത്തരവുകളോ ഉണ്ടെങ്കിൽ ആയതും നിയമനം അംഗീകരിച്ചതുമായി ബന്ധപ്പെട്ട ഭരണ സമിതി തീരുമാനവും, നിയമനം സംബന്ധിച്ച രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/18.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കും വരെ മേൽ ഉത്തരവ് പ്രാബല്യത്തിൽ വന്ന മാസം മുതൽ അധികമായി നിയമിച്ച സ്റ്റാഫിന് വേതനം നൽകുന്നതിനായി ചെലവഴിച്ച തുകയായ ₹120000 ((ക്രമ നമ്പർ 8, 10, 12, 13, 15 ലെ ബില്ലുകൾ പ്രകാരം) തടസ്സപ്പെടുത്തുന്നു.

## 1-26 വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം പദ്ധതിയിലെ അപാകങ്ങൾ- 480000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, ഉളിക്കൽ |
| പ്രൊജക്ട് നമ്പർ/പേര് | 184/2024, വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം |
| അടങ്കൽ | ₹ 500000 (വികസന ഫണ്ട് ,പൊതുവിഭാഗം) |
| ചെലവ് | ₹ 480000, ബിൽ നം 519/25.03.2024 |

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ മേൽ പ്രോജക്ടിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.

1. 500000 രൂപ ചെലവഴിച്ച് യൂണിറ്റ് ഒന്നിന് 500 രൂപ നിരക്കിൽ 1000 എണ്ണം മെൻസ്ട്രുവൽ കപ്പ് പർച്ചേസ് ചെയ്ത് വിതരണം ചെയ്യുന്നതിനാണ് പ്രൊജക്ട് ലക്ഷ്യം വച്ചിരുന്നത്. എന്നാൽ 300 രൂപ നിരക്കിൽ 1600 എണ്ണം മെൻസ്ട്രുവൽ കപ്പ് HLL ലൈഫ് കെയർ ലിമിറ്റഡിൽ നിന്നും പർച്ചേസ് ചെയ്ത് വിതരണം ചെയ്യുകയാണ് ഉണ്ടായത്.
2. ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം പദ്ധതിയിൽ 953 ഗുണഭോക്താക്കളാണ് ഉള്ളതെന്നിരിക്കെ 1600 മെൻസ്ട്രുവൽ കപ്പുകൾ പർച്ചേസ് ചെയ്തതിന്റെ ആവശ്യകത വ്യക്തമാക്കപ്പെട്ടിട്ടില്ല.
3. പർച്ചേസ് ചെയ്തതിന്റെ ഒറിജിനൽ ഇൻവോയിസ് ഫയലിൽ ലഭ്യമല്ല.
4. ചില ഗുണഭോക്താക്കൾക്ക് ഒരെണ്ണവും മറ്റു ചിലർക്ക് രണ്ട് എണ്ണം വീതവും മെൻസ്ട്രുവൽ കപ്പുകൾ വിതരണം ചെയ്തതത് ഏത് മാനദണ്ഡപ്രകാരം ആണെന്ന് വ്യക്തമല്ല.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18.11.2024 തീയതിയിലെ 11ാം നമ്പർ ഓഡിറ്റ് അന്വേഷണം) മറുപടി ലഭ്യമാക്കിയിട്ടില്ല. അംഗീകരിച്ച പ്രൊജക്ടിൽ നിന്നും വ്യതിചലിച്ച് കൃത്യമായ ആവശ്യകത നിർണ്ണയിക്കാതെയാണ് മെൻസ്ട്രുവൽ കപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. ഗുണഭോക്താക്കളുടെ എണ്ണത്തിൽ അധികരിച്ചു വാങ്ങിയ മെൻസ്ട്രുവൽ കപ്പുകൾ ദീർഘകാലം ഉപയോഗയോഗ്യമായവ ആയതിനാൽ ഒരാൾക്ക് രണ്ടെണ്ണം വീതം നൽകിയതിനു പകരം ആവശ്യമുള്ള ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്യുകയാണെങ്കിൽ കൂടുതൽ പേർക്ക് പദ്ധതിയുടെ ഗുണഫലം ലഭ്യമാകുമായിരുന്നു. മറുപടിയുടെ അഭാവത്തിൽ ₹480000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 പത്താമുദയം സമ്പൂർണ്ണ സെക്കന്ററി വിദ്യാഭ്യാസ പദ്ധതി - രേഖകൾ ലഭ്യമാക്കിയില്ല – ₹79550 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സമ്പൂർണ്ണ സെക്കന്ററി വിദ്യാഭ്യാസ പദ്ധതിയിലൂടെ ഓരോ തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളിലും പത്താംതരം പാസ്സാകാത്ത മുഴുവൻ പേരും പത്താം തരം പാസ്സായി സമ്പൂർണ്ണ സെക്കന്ററി വിദ്യാഭ്യാസം നേടുന്ന ആദ്യ ജില്ലയായി കണ്ണൂരിനെ മാറ്റുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയ പത്താമുദയം - സമ്പൂർണ്ണ സെക്കന്ററി വിദ്യാഭ്യാസ പദ്ധതി എന്ന പ്രോജക്ടിന്റെ ചെലവ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ, പേര് | 37/24, പത്താമുദയം-സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ പദ്ധതി |
| അടങ്കൽ ₹200000 | ₹200000 (തനത് ഫണ്ട്) |
| ചെലവ് ബിൽ നമ്പർ/തീയതി | ₹74000, 583/28-03-2024<br>₹9468, 428/14-3-2024<br>ആകെ: ₹83468 |

28.05.2022 തീയതിയിലെ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022 /തസ്വഭവ-യിലെ ഖണ്ഡിക 7.4.5-യിൽ സംസ്ഥാന സാക്ഷരതാ മിഷന്റെ നിർദ്ദേശങ്ങൾ പരിഗണിച്ച് തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷാ ഫീസ്, കോഴ്സ് ഫീസ് തുടങ്ങിയവ അടവാക്കുന്നതിന് എല്ലാ തലത്തിലുമുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പത്താംതരം തുല്യതാ കോഴ്സിന് ഒരു പഠിതാവിന് 1850 രൂപ നിരക്കിൽ 43 പേർക്ക് കോഴ്സ് ഫീസിനത്തിൽ കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ പേരിലുള്ള 57026996123 നമ്പർ അക്കൗണ്ടിലേക്ക് ₹79550 നല്കിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

1. കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നുള്ള ₹79550 യുടെ കൈപ്പറ്റ് രശീതി.

2. കോഴ്സ് ഫീസ് ഒടുക്കിയ 43 പഠിതാക്കളുടെ അപേക്ഷകൾ/അഡ്മിഷൻ/രജിസ്ട്രേഷൻ വിവരങ്ങൾ, ഗുണഭോക്തൃ ലിസ്റ്റ്.

3. പഠിതാക്കൾ കോഴ്സ് പൂർത്തീകരിച്ചതിന്റെ വിവരം.

രേഖകൾ ലഭ്യമാക്കുന്നതിനായി 16-11-2024 ന് നൽകിയ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നുള്ള കൈപ്പറ്റ് രശീതി ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുമെന്നും 43 പഠിതാക്കളും പരീക്ഷ എഴുതിയിട്ടുണ്ടെന്നും ഫലം പ്രസിദ്ധീകരിച്ചിട്ടില്ല എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കാതെ തയ്യാറാക്കിയ മോണിറ്ററിംഗ് റിപ്പോർട്ട് സ്വീകാര്യമല്ല. രേഖകളുടെ അഭാവത്തിൽ ₹79550 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 ഉളിക്കൽ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലും പത്രവിതരണം - രേഖകൾ ലഭ്യമാക്കിയില്ല, ₹24000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഉളിക്കൽ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ഗവണ്മെന്റ്, എയിഡഡ് എൽ പി, യു പി സ്കൂളുകളിലേക്ക് 2023 ജൂൺ 19 മുതൽ 2024 മാർച്ച് 31 വരെ മലയാള മനോരമ പത്രം വിതരണം ചെയ്യുന്നതിനായി (16-6-2023 ലെ 61(3) -ാം നമ്പർ പഞ്ചായത്ത് തീരുമാനം) തയ്യാറാക്കിയ പ്രോജക്ടിന്റെ വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ, പേര് | 358/24, ഉളിക്കൽ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലും പത്രവിതരണം |
| അടങ്കൽ | ₹50000 (തനത് ഫണ്ട്) |
| ചെലവ്, ബിൽ നമ്പർ/ തീയ്യതി | ₹24000, 595/30-03-2024 |

മേല്പറഞ്ഞ കാലയളവിൽ 18 സ്കൂളുകളിൽ പത്രം വിതരണം ചെയ്തതിന്റെ (ദിവസം ആകെ 24 പത്രം വീതം) പ്രതിഫലമായി ₹24000 അനുവദിക്കുന്നതിന് മലയാള മനോരമ പത്രത്തിൽ നിന്നും 23-3-24 ന് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പത്രത്തിന്റെ 57066526739 നമ്പർ SBI അക്കൗണ്ടിലേക്ക് തുക അനുവദിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പത്രവിതരണത്തിനായി തെരഞ്ഞെടുത്ത സ്കൂളുകളുടെ വിവരങ്ങൾ, പത്രം ലഭിക്കുന്നതിനായി സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

2. മലയാള മനോരമ സമർപ്പിച്ച ലിസ്റ്റ് പ്രകാരമുള്ള 18 സ്കൂളുകളിൽ 11 സ്കൂളുകൾ 2023 ജൂൺ മാസം മുതൽ പത്രം ലഭിച്ചു എന്ന് വ്യക്തമാക്കുന്ന സാക്ഷ്യപത്രം ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട്. 10-10-2023 ന് തയ്യാറാക്കിയ കൈപ്പറ്റ് രശീതികളിൽ 2023 ജൂൺ മാസം മുതൽ പത്രം ലഭിച്ചു എന്നല്ലാതെ ഏത് കാലയളവ് വരെ ലഭിച്ചു എന്ന് വ്യക്തമാക്കിയിട്ടില്ല.
3. സ്കൂളുകളിൽ പത്രം ലഭ്യമാക്കിയ ഏജന്റിൽ നിന്നും ബില്ലുകൾ ലഭ്യമാക്കിയിട്ടില്ല.
അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/16-11-2024) ലഭ്യമാക്കിയ മറുപടിയിൽ 11 സ്കൂളുകൾക്ക് 2023 ജൂൺ മാസം മുതൽ 2024 മാർച്ച് മാസം വരെ പത്രം ലഭിച്ചു എന്ന് വ്യക്തമാക്കി സ്കൂൾ അധികൃതർ ഹാജരാക്കിയ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ലിസ്റ്റിൽ ഉൾപ്പെട്ട ആശാൻ മെമ്മോറിയൽ എ എൽ പി സ്കൂൾ മട്ടിണി, കാരിസ് യു പി സ്കൂൾ മാട്ടറ, ഗവ. എംജിഎൽസി സ്കൂൾ കാലാങ്കി, ഗവ. എൽ പി സ്കൂൾ പെരുവയൽ, സെന്റ് ജോൺസ് എ എൽ പി സ്കൂൾ കോളിത്തട്ട്, സെന്റ് ജോസഫ്സ് യു പി സ്കൂൾ അറബി, ഗവ. എൽ പി സ്കൂൾ മാട്ടറ എന്നീ 7 സ്കൂളുകളിൽ പത്രം ലഭിച്ചതിന്റെ സാക്ഷ്യപത്രവും സ്കൂളുകളിൽ പത്രം ലഭ്യമാക്കിയ ഏജന്റിൽ നിന്നുള്ള ബില്ലുകളും ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹24000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## <u>1-29 എസ് പി സി പദ്ധതിക്ക് സെറിമോണിയൽ ഡ്രസ്സ് - യഥാർത്ഥ ഗുണഭോക്താവ് തുക കൈപ്പറ്റിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല-₹49500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.</u>

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ, പേര് | 348/24, എസ് പി സി പദ്ധതിക്ക് സെറിമോണിയൽ ഡ്രസ്സ് |
| അടങ്കൽ | ₹50000 (തനത് ഫണ്ട്) |
| ചെലവ്, ബിൽ നമ്പർ/ തീയ്യതി | ₹49500, 259/4-1-2024 |

ഉളിക്കൽ ഗ്രാമ പഞ്ചായത്തിലെ മണിക്കടവ് സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിലേയും ഉളിക്കൽ ഗവ. ഹയർ സെക്കന്ററി സ്കൂളിലേയും എസ് പി സി കുട്ടികൾക്ക് സെറിമോണിയൽ ഡ്രസ്സ് വാങ്ങി നൽകുന്നതിനായി തയ്യാറാക്കിയ പ്രോജക്ടിൽ

ഓരോ സ്കൂളിനും ₹24750 വീതം ആകെ ₹49500 ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിലുള്ള അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പ്രോജക്ടിന്റെ ഭാഗമായി മണിക്കടവ് സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളും ഉളിക്കൽ ഗവ. ഹയർ സെക്കന്ററി സ്കൂളും വെവ്വേറെ ക്വട്ടേഷൻ വിളിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഒരേ സ്ഥാപനത്തിൽ നിന്നും (യൂനീക്ക് സ്റ്റോർ, മുല്ലപ്പള്ളി, പഴമല്ലൂർ പി ഒ, മലപ്പുറം) സെറിമോണിയൽ ഡ്രസ്സ് വാങ്ങിക്കുകയും ചെയ്തിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ ഒരേ സാധനങ്ങൾക്കു വേണ്ടി ഒരുമിച്ച് ക്വട്ടേഷൻ വിളിക്കാതെ ഇപ്രകാരം സ്കൂളുകൾ പ്രത്യേകം പ്രത്യേകം ക്വട്ടേഷൻ വിളിച്ചത് ക്രമ പ്രകാരമല്ല.

2. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത യൂനീക്ക് സ്റ്റോർ, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ B-23-24/199, 18-10-23, ഇൻവോയ്സ് നമ്പർ B-23-24/198, 18-10-23 എന്നിവ പ്രകാരം സെറിമോണിയൽ ഡ്രസ്സ് (Kamarbandh, Scarf, Gloves, Huckles, Anglet, SPC Buckle Badge – 50 എണ്ണം വീതം, Sash Red With SPC Emblem – 8 വീതം) വാങ്ങിയിട്ടുണ്ട്. മേല്പറഞ്ഞ ടാക്സ് ഇൻവോയ്സുകളിൽ യൂനീക്ക് സ്റ്റോർ, മലപ്പുറം എന്ന സ്ഥാപനത്തിന്റെ അക്കൗണ്ട് നമ്പറും IFSC കോഡും ലഭ്യമാക്കിയിട്ടുണ്ടെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ പിൻവലിച്ച ₹49500 GHSS ഉളിക്കൽ (SBI 67170027768), ഹെഡ്മാസ്റ്റർ സെന്റ് തോമസ് ഹയർസെക്കന്ററി സ്കൂൾ (SBI 40931770676) എന്നീ അക്കൗണ്ടുകളിലേക്കാണ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളത്.
3. പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് തുക കൈമാറാതെ സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് തുക അനുവദിച്ചതിന് വിശദീകരണവും യൂനീക്ക് സ്റ്റോർ, മലപ്പുറം എന്ന സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രേഖകളും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/16-11-2024) സെറിമോണിയൽ ഡ്രസ്സിന്റെ കാര്യങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥന് അറിയാത്തതിനാലാണ് അതാത് സ്കൂൾ ഹെഡ്മാസ്റ്റർമാരെ പഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരം ചുമതലപ്പെടുത്തിയതെന്നും ക്വട്ടേഷൻ വിളിച്ചതും ഫണ്ട് കൈമാറിയതും സ്കൂൾ ഹെഡ്മാസ്റ്റർമാരാണെന്നുമാണ് മറുപടി ലഭ്യമാക്കിയത്. യൂനീക്ക് സ്റ്റോർ, മലപ്പുറം എന്ന സ്ഥാപനത്തിന് തുക കൈമാറിയതിന്റെയും അവർ തുക കൈപ്പറ്റിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. യഥാർത്ഥ ഗുണഭോക്താവിന് തുക ലഭിച്ചു എന്നുറപ്പു വരുത്താതെ തയ്യാറാക്കിയ മോണിറ്ററിംഗ് റിപ്പോർട്ട് സ്വീകാര്യമല്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ ₹49500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 ലൈഫ് ഭവന നിർമ്മാണം, ജനറൽ – അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും വീട് പണി തുടങ്ങിയില്ല.

ലൈഫ് ഭവന നിർമ്മാണം ഫേസ് III, (ഭൂരഹിത ഭവനരഹിതർ, ജനറൽ) എന്ന പ്രോജക്ടിൽ നിർമ്മല, തോപ്പിൽ, വയത്തൂർ എന്ന ഗുണഭോക്താവ് ഭവന നിർമ്മാണത്തിനായി 21-1-2022 ൽ കരാറിലേർപ്പെടുകയും വികസന ഫണ്ടിൽ നിന്നും ആദ്യ ഗഡുവായി ₹40000 കൈപ്പറ്റുകയും ചെയ്തിട്ടുണ്ട് (BRN No. 21220652007700994148, 21-1-2022). നാളിതുവരെയായി ഇവർ വീടുപണി തുടങ്ങിയിട്ടില്ല. കരാറിൽ ഏർപ്പെട്ട് 6 മാസത്തിനകം വീട് പണി പൂർത്തീകരിക്കേണ്ടിയിരുന്നെങ്കിലും ഇതുവരെ പണി തുടങ്ങാത്ത സാഹചര്യത്തിൽ 30 ദിവസത്തിനകം ഭവനനിർമ്മാണം പൂർത്തീകരിക്കുകയോ അല്ലാത്തപക്ഷം കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരിച്ചടക്കുകയോ ചെയ്യണമെന്നറിയിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ 12-01-2024 ന് ഗുണഭോക്താവിന് കത്ത് നൽകിയിട്ടുണ്ട്. തുക ഇതുവരെയായി തിരിച്ചടച്ചിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. വീട് പണി പൂർത്തീകരിക്കുകയോ അല്ലാത്തപക്ഷം ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കുകയോ ചെയ്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-31 ഭിന്നശേഷിയുള്ളവർക്ക് വീട് റിപ്പയർ - രേഖകൾ ലഭ്യമാക്കിയില്ല, ₹400000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| നിർവ്വഹണ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, | |

| | |
|---|---|
| ഉദ്യോഗസ്ഥൻ | നുച്യാട് സർക്കിൾ |
| പ്രോജക്ട് നമ്പർ/പേര് | 95/24, വികലാംഗർക്ക് വീട് റിപ്പയർ |
| അടങ്കൽ | ₹800000 (വികസന ഫണ്ട് ജനറൽ) |
| ചെലവ്, ബിൽ നമ്പർ/തീയതി | ₹400000, 180/14-11-2023 |

വീട് നിർമ്മിച്ച് 8 വർഷം കഴിഞ്ഞ പുനരുദ്ധാരണം ആവശ്യമുള്ളതും ഭിന്നശേഷിക്കാരായ വ്യക്തികളുടെ കുടുംബത്തിന്റേതുമായ വീടുകൾ പുനരുദ്ധാരണം ചെയ്ത് വായയോഗ്യമാക്കുന്നതിനായി തയ്യാറാക്കിയ മേൽ പ്രോജക്ട് മേൽപ്പറഞ്ഞ പ്രകാരം ₹400000 പിൻവലിച്ച് 8 ഗുണഭോക്താക്കൾക്ക് ₹50000 വീതം മുൻകൂർ അനുവദിച്ചിട്ടുണ്ട്. പ്രൊജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ/ന്യൂനതകൾ ചുവടെ കൊടുക്കുന്നു.

1. സന്തോഷ് എം ടി, മംഗലത്ത് പുത്തൻവീട് എന്ന ഗുണഭോക്താവിന് ബാങ്ക് അക്കൗണ്ട് ഇല്ലാത്തതിനാൽ അമ്മ റോസമ്മയുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് മുൻകൂർ തുക അനുവദിച്ചിട്ടുള്ളത്. റോസമ്മ ജോയിയുടെ പേരിലുള്ള റേഷൻ കാർഡിൽ സന്തോഷ് എം ടി ഉൾപ്പെട്ടിട്ടില്ല.

2. ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചതിന്റെയും അവർക്ക് അവസാന ഗഡു അനുവദിച്ചതിന്റെയും വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഇതുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതിവിവരം അറിയിച്ചിട്ടില്ല.

3. മുദ്രപ്പത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും കരാർ വ്യവസ്ഥകൾ ചേർത്ത് നിർവ്വഹണ ഉദ്യോഗസ്ഥൻ ഒപ്പു വച്ചിട്ടില്ല.

അപാകങ്ങൾ പരിഹരിക്കുന്നതിനും രേഖകൾ ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/19-11-2024) റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള തോമസ് എന്ന വ്യക്തി തന്നെയാണ് സന്തോഷ് എം ടി, മങ്ങലത്ത് പുത്തൻവീട് എന്നും റേഷൻ കാർഡിൽ ടിയാന്റെ പള്ളിയിലെ പേരാണ് കൊടുത്തിട്ടുള്ളതെന്നും കുടുംബം അറിയിച്ചിട്ടുണ്ടെന്നും പ്രസ്തുത പ്രോജക്ട് 2024-25 ൽ സ്പിൽ ഓവറായി തുടരുന്നുണ്ടെന്നും ഫയലിൽ സൂക്ഷിച്ചിട്ടുള്ള മുദ്രപ്പത്രങ്ങൾ അപാകങ്ങൾ പരിഹരിച്ച് പരിശോധനയ്ക്ക് ലഭ്യമാക്കുമെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തോമസ്, സന്തോഷ് എം ടി എന്നിവർ ഒന്നാണെന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും മറ്റ് അപാകങ്ങൾ പരിഹരിച്ച് വീട് പണി പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്. അപാകങ്ങളുടെ അടിസ്ഥാനത്തിൽ ₹400000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 സർക്കാർ അനുമതിയില്ലാതെ ഹോം ഇൻസിനറേറ്റർ സ്ഥാപിച്ചത്- ₹441350 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നുച്യാട് സർക്കിൾ, |
| പ്രോജക്ട് നമ്പർ, പേര് | 202/24, ഹോം ഇൻസിനറേറ്റർ (സ്പിൽ ഓവർ) |
| അടങ്കൽ | ₹442000 (തനത് ഫണ്ട്) |
| ചെലവ്, ബിൽ നമ്പർ/ തീയ്യതി | ₹441350, 62/26-6-2023 |

ഉളിക്കൽ ഗ്രാമ പഞ്ചായത്തിലെ മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന അംഗങ്ങളുള്ള കുടുംബങ്ങൾക്ക് നാപ്കിൻ ഡിസ്ട്രോയർ (ഹോം ഇൻസിനറേറ്റർ) നൽകുന്നതിനായി 2022-23 വർഷം ₹500100 വകയിരുത്തി (₹500000 കേന്ദ്രാവിഷ്കൃത ഫണ്ട്, ₹100 വികസന ഫണ്ട് ജനറൽ) തയ്യാറാക്കിയ പ്രോജക്ട് ഫണ്ട് തരം മാറ്റേണ്ടതിനാൽ സ്പിൽ ഓവറാക്കി തൻവർഷം ''ഹോം ഇൻസിനറേറ്റർ'' എന്ന പേരിൽ നിർവ്വഹണം

നടത്തിയിട്ടുണ്ട്. പ്രോജക്ടിന്റെ നിർവഹണത്തിന്റെ ഭാഗമായി അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ആർട്ട്കോ എന്ന സ്ഥാപനത്തിൽ നിന്നും 16975 രൂപ നിരക്കിൽ 26 നാപ്കിൻ ഇൻസിനറേറ്റർ വാങ്ങി (ബിൽ നമ്പർ KKD 431/6-3-23) ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) സ.ഉ.(കൈ)നം. 115/2022/എൽ എസ് ജി ഡി, തീയതി 28-05-2022 -പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.2 (എ), (സി) എന്നിവയിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് അനുവദിക്കാവുന്ന ഉപകരണങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇവയിൽ വീടുകളിൽ ഹോം ഇൻസിനറേറ്റർ സ്ഥാപിച്ചു നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല.

2). 28-05-2022ലെ സ.ഉ.(കൈ) നമ്പർ 115/2022/ത.സ്വ.ഭ.വ. നമ്പറായുള്ള സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 3.5.(2) അനുസരിച്ച് സംസ്ഥാന സർക്കാർ സ്കീമുകൾ, നൂതന പ്രോജക്ടുകൾ എന്നിവയല്ലാത്ത പ്രോജക്ടുകളുടെ കാര്യത്തിൽ മാർഗരേഖയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് സർക്കാരിന്റെ അനുമതിയോടു കൂടി മാത്രമേ സബ്സിഡി നൽകാൻ പാടുള്ളൂ.

മാർഗ്ഗരേഖയിലെ നിബന്ധനകൾക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കിയതിന്റെ കാരണം വ്യക്തമാക്കുന്നതിനും മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഇനത്തിൽ പ്രോജക്ട് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനുമായി ഓഡിറ്റ് എൻക്വയറി (21/19-11-2024) നൽകിയെങ്കിലും സർക്കാർ അനുമതി ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഉളിക്കൽ ഗ്രാമ പഞ്ചായത്തിന്റെ ഭിന്നശേഷിക്കാരുടെ ഗ്രാമസഭയിൽ ഉയർന്നുവന്ന ഒരു ആവശ്യമായിരുന്നു ദിവസം 5 മുതൽ 10 വരെ ഡയപ്പറുകൾ വേണ്ടിവരുന്ന കിടപ്പ് രോഗികളായ ഭിന്നശേഷിക്കാർക്ക് വേണ്ടി വീടുകളിൽ ഹോം ഇൻസിനറേറ്റർ വേണമെന്നതും ഡയപ്പറുകൾ നശിപ്പിക്കാൻ സാധിക്കാതെ ഇവരുടെ വീടുകളിൽ കെട്ടിക്കിടക്കുന്ന സാഹചര്യത്തിലാണ് ഇത്തരത്തിലൊരു ആവശ്യം ഭിന്നശേഷിക്കാരുടെ ഗ്രാമസഭയിൽ വന്നതെന്നും ഭരണസമിതി ഈ വിഷയം ചർച്ച നടത്തിയാണ് ഈ പ്രോജക്ട് ഏറ്റെടുക്കാൻ തയ്യാറായതെന്നും പ്രൊക്യുയർമെന്റ് കമ്മിറ്റി തീരുമാനത്തോടെ വാങ്ങൽ നടപടികൾ പൂർത്തീകരിച്ചാണ് പദ്ധതി നിർവ്വഹിച്ചിട്ടുള്ളതെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ ഭിന്നശേഷി ഗ്രാമസഭയുടെയും പ്രൊക്യുയർമെന്റ് കമ്മിറ്റിയുടെയും മിനുട്സ് പരിശോധിച്ചതിൽ പ്രൊജക്ട് സംബന്ധിച്ച ചർച്ചകൾ നടന്നതിന്റെയോ തീരുമാനമെടുത്തതിന്റെയോ യാതൊരുവിധ രേഖപ്പെടുത്തലുകളും രണ്ടു മിനുട്സിലും കണ്ടെത്താൻ സാധിച്ചില്ല. പ്രോജക്ടിന്റെ പകർപ്പ്, ആർട്ട്കോ ലഭ്യമാക്കിയ പ്രഫോർമ/ടാക്സ് ഇൻവോയ്സുകൾ എന്നിവയിലെല്ലാം നാപ്കിൻ ഇൻസിനറേറ്റർ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാങ്ങിയ ഉപകരണം നാപ്കിൻ ഇൻസിനറേറ്ററാണോ ഡയപ്പർ ഇൻസിനറേറ്ററാണോ എന്ന് വ്യക്തമല്ല. കിടപ്പുരോഗികളായ ഭിന്നശേഷിക്കാർക്ക് നാപ്കിനേക്കാൾ കൂടുതൽ ഡയപ്പറാണ് ആവശ്യമെന്നിരിക്കേ ഏത് ഉപകരണമാണ് പ്രോജക്ട് വഴി വാങ്ങിയത് എന്ന് വ്യക്തത വരുത്തിയിട്ടില്ല. മറുപടി തൃപ്തികരമല്ലാത്തതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ 21-11-2024 ന് 3 മണിക്ക് ഗുണഭോക്താക്കളായ സന്ധ്യ സജീവൻ, ഫാരിസ് പള്ളിപ്പാത്ത് എന്നിവരുടെ വീടുകളിൽ സ്ഥല പരിശോധന നടത്തിയെങ്കിലും രണ്ടു വീട്ടിലും ഇൻസിനറേറ്റർ സ്ഥാപിക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്നില്ല എന്ന് ബോധ്യപ്പെട്ടു.

നൂതന പ്രൊജക്ട് എന്ന നിലയിൽ പദ്ധതി മാർഗ്ഗരേഖയിലെ 3.8.5ലെ നിബന്ധനകൾ പാലിക്കാത്തതിനാലും സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 2.2, 3.5(2) എന്നിവയിൽ പറഞ്ഞ പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാത്തതിനാലും ₹441350 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-33 ഐ.കെ.എം ന് വിഹിതം നൽകൽ-വിനിയോഗ വിവരം ലഭ്യമായിട്ടില്ല 200000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 2/24 ഐ.കെ.എം ന് വിഹിതം നൽകൽ |
| അടങ്കൽ | ₹200000 വികസനഫണ്ട് -പൊതുവിഭാഗം |
| ചെലവ് | ₹200000 ബിൽ നമ്പർ : 183/22-11-2023 |

ഐ.കെ.എം വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ.കെ.എം ന് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ₹200000 ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/ 21.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റ അഭാവത്തിൽ ₹200000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-34 വിവരസഞ്ചയിക - പ്രോജക്ട് പൂർത്തീകരിച്ചില്ല-₹630010യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും ആസൂത്രണ പ്രക്രിയയ്ക്ക് ആവശ്യമായ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുകയും അവ ക്രോഡീകരിച്ചുകൊണ്ട് റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്യുന്നതിനായുള്ള കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2023-24 വർഷത്തെ സംയുക്ത പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ഉളിക്കൽ ഗ്രാമപഞ്ചായത്ത് സമഗ്ര വിവര ശേഖരണത്തിനായി പദ്ധതി തയ്യാറാക്കി താഴെക്കൊടുത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, |
| പ്രോജക്ട് നമ്പർ , പേര് | 33/24, കണ്ണൂർ വിവര സഞ്ചയിക |
| അടങ്കൽ 731000 | ₹30402 വികസന ഫണ്ട് ജനറൽ<br>₹700598 തനത് ഫണ്ട്<br>ആകെ: ₹731000 |
| ചെലവ് | ₹630010 തനത് ഫണ്ട്<br>1) ₹10010 287/17.01.24<br>2) ₹620000 414/11.03.24 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് എന്യുമറേറ്റർമാർ, സൂപ്പർ വൈസർ എന്നിവർക്ക് ഓണറേറിയം നൽകുന്നതിനും, എന്യുമർമേറ്റർമാർക്ക് പരിശീലനം നൽകിയ ഇനത്തിലുമാണ് മേൽ പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്ത് തലത്തിലുള്ള സമഗ്രവിവരങ്ങൾ സർവ്വേയിലൂടെ കണ്ടെത്തി ക്രോഡീകരിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ആസൂത്രണം ചെയ്ത പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/21.11.2024) മറുപടിയിൽ പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങളോ വിവര സഞ്ചയിക റിപ്പോർട്ടോ മോണിറ്ററിംഗ് റിപ്പോർട്ടോ ലഭ്യമാക്കാത്തതിനാൽ ₹630010 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-35 ജലജീവൻമിഷൻ പദ്ധതിക്ക് സ്ഥലം വാങ്ങൽ- തുടർ**

**പ്രവർത്തനങ്ങളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.**

ഉളിക്കൽ ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതിക്കായി ജലസംഭരണി നിർമ്മിക്കുന്നതിന് വേണ്ടി സ്ഥലം വാങ്ങുന്നതിനായി തയ്യാറാക്കിയ പ്രോജക്ട് ആണ് ഇത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ/പേര് | 194/24 ജലജീവൻമിഷൻ പദ്ധതിക്ക് സ്ഥലം വാങ്ങൽ |
| അടങ്കൽ | ₹1000000(തനത് ഫണ്ട്) |
| ചെലവ്/ബിൽ നമ്പർ /തീയതി | ₹43000, 342/16.02.24<br>₹229300, 413/11.03.24<br>₹2000, 338/13.02.24<br>₹274300(ആകെ) |

ഉളിക്കൽ ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതിക്കായി ജലസംഭരണി നിർമ്മിക്കുന്നതിന് വേണ്ടി നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് താഴെ പറയുന്നവരിൽ നിന്നും സ്ഥലം വാങ്ങിയിട്ടുണ്ട്. (16-12-2023 തീയതിയിലെ ഭരണസമിതി യോഗത്തിലെ 149(3)/2023 നമ്പർ തീരുമാനം) വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ.നം | സ്ഥല ഉടമയുടെ പേര് | വില്ലേജ്,സർവേ നമ്പർ | വിസ്തീർണ്ണം |
|---|---|---|---|
| 1 | ലിസി പുന്നൂസ് | നുച്യാട് 28/2550 | 0.0202 |
| 2 | തോമസ് | നുച്യാട് 35/428 | 0.0607 |
| 3 | കൃഷ്ണൻ സി | വയത്തൂർ 28/7358 | 0.0405 |

